2025 FEBRUARY
13
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# അനധികൃത കുടിയേറ്റം; കർശന നടപടിയുമായി ഇന്ത്യ

## ബിൽ 2025 ലോക്സഭയിൽ ഉടൻ അവതരിപ്പിക്കും

**ന്യൂഡൽഹി:** തടവും പിഴയും ഉൾപ്പെടെ അനധികൃത കുടിയേറ്റക്കാർക്കെതിരെ കർശന നടപടിക്കു കേന്ദ്ര സർക്കാർ. സാധുവായ പാസ്പോർട്ടോ വീസയോ ഇല്ലാതെ ഇന്ത്യയിൽ പ്രവേശിക്കുന്നവർക്ക് 5 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും ചുമത്താനാണു നീക്കം. അനധികൃത കുടിയേറ്റക്കാർക്കു കർശന ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്ന ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ലോക്സഭയിൽ ഈ സമ്മേളന കാലയളവിൽ അവതരിപ്പിക്കും. അനധികൃത കുടിയേറ്റക്കാർക്കെതിരെ യുഎസിലെ ഡോണൾഡ് ട്രംപ് ഭരണകൂടം നടപടികൾ കടുപ്പിക്കുന്നതിനിടെയാണ് ഇന്ത്യയും നിലപാട് കർക്കശമാക്കുന്നത്. നിലവിലുള്ള ഫോറിനേഴ്സ് ആക്ട് 1946, പാസ്പോർട്ട് ആക്ട് 1920, റജിസ്ട്രേഷൻ ഓഫ് ഫോറിനേഴ്സ് ആക്ട് 1939, ഇമിഗ്രേഷൻ ആക്ട് 2000 എന്നിവയ്ക്കു പകരമായാണു പുതിയ ബിൽ കൊണ്ടുവരുന്നത്. പുതിയ ബിൽ പ്രകാരം, വ്യാജ രേഖകളുമായി രാജ്യത്തു താമസിക്കുന്നവർക്കുള്ള ശിക്ഷ 2 വർഷം മുതൽ 7 വർഷം വരെയാകും. 1 ലക്ഷം മുതൽ 10 ലക്ഷം വരെയാണു പിഴ. നിലവിൽ വ്യാജ പാസ്പോർട്ടുമായി പ്രവേശിച്ചാൽ 8 വർഷം വരെ തടവും 50,000 രൂപ പിഴയുമാണു ശിക്ഷ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവകലാശാലകളും വിദേശ വിദ്യാർഥികളുടെ വിവരങ്ങൾ റജിസ്ട്രേഷൻ ഓഫിസറുമായി പങ്കുവയ്ക്കണം. വീസ



കാലാവധി കഴിഞ്ഞവർ, മാർഗനിർദേശങ്ങൾ ലംഘിക്കുന്നവർ, നിരോധിത മേഖലകളിൽ പ്രവേശിക്കുന്നവർ എന്നിവർക്കു 3 വർഷം വരെ തടവോ 3 ലക്ഷം വരെ പിഴയോ രണ്ടും ഒരുമിച്ചോ ലഭിക്കാം. മതിയായ യാത്രാരേഖകളില്ലാത്ത വിദേശികളെ യാത്രയ്ക്കു സഹായിക്കുന്നവർക്ക് 5 ലക്ഷം രൂപ വരെ പിഴ ചുമത്തും. പിഴ അടച്ചില്ലെങ്കിൽ, വിമാനവും കപ്പലും ഉൾപ്പെടെ വിദേശി സഞ്ചരിച്ച വാഹനങ്ങൾ പിടിച്ചെടുക്കാൻ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടാകുമെന്നും ബില്ലിൽ പറയുന്നു.

# എഐ വികസനത്തിനായി 7500 കോടി ഡോളർ നിക്ഷേപിക്കും; ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ



**പാരിസ്:** നിർമിത ബുദ്ധിയുടെ വൻ അവസരങ്ങൾ ഇന്ത്യയിൽ കൊണ്ടുവരുമെന്ന് ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ. പാരിസിൽ നടന്ന എഐ ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷമാണ് ഗൂഗിൾ മേധാവി ഇന്ത്യയിലേക്ക് കൊണ്ടുവരാനിരിക്കുന്ന വലിയ എഐ സാധ്യതകളെക്കുറിച്ച് എക്സ് പോസ്റ്റിൽ എടുത്തു പറഞ്ഞത്. രാജ്യത്തെ ഡിജിറ്റൽ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനു ഗൂഗിളും ഇന്ത്യയും തമ്മിലുള്ള സഹകരണ സാധ്യതയും പിച്ചൈ ചൂണ്ടിക്കാട്ടി.

എഐ ആക്ഷൻ ഉച്ചകോടിക്കിടെ പാരിസിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്താനായതിൽ സന്തോഷമുണ്ട്. ഇന്ത്യയ്ക്ക് എഐ കൊണ്ടുവരുന്ന അവിശ്വസനീയമായ അവസരങ്ങളെക്കുറിച്ചും ഇന്ത്യയുടെ ഡിജിറ്റൽ പരിവർത്തനത്തിൽ ഗൂഗിളുമായി ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുന്ന

നേരത്തേ, നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ മാറ്റങ്ങളിലൊന്നാണ് നിർമിത ബുദ്ധിയെന്ന് ഉച്ചകോടിയിൽ സംസാരിച്ച പിച്ചൈ പറഞ്ഞിരുന്നു. എഐ സാങ്കേതികവിദ്യ ഒരു സുവർണകാലഘട്ടം തീർക്കും. എഐയെ വേണ്ടവിധം ഉപയോഗപ്പെടുത്താത്തതാണ് ഏറ്റവും വലിയ അപകടം. എഐ വികസനത്തിനായി ഗൂഗിൾ 7500 കോടി ഡോളർ നിക്ഷേപിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. എഐയുടെ മുഴുവൻ സാധ്യതകളെയും ഉപയോഗപ്പെടുത്താൻ ആവശ്യമായ നാലു പ്രധാന ഘടകങ്ങളും പിച്ചൈ ചൂണ്ടിക്കാട്ടി. നവീകരണവും വ്യാപനവും പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യമൊരുക്കൽ, തൊഴിൽ മേഖലയെ എഐയുമായി പൊരുത്തപ്പെടുത്തൽ, ബോധപൂർവവും ഉത്തരവാദിത്വത്തോടെയുമുള്ള മുന്നേറ്റം എന്നിവയാണവ.

എഐയുടെ സാധ്യതകൾ മനസിലാക്കുന്നതിനൊപ്പം തന്നെ പരിമിതികളെക്കുറിച്ചും വ്യക്തമായ ബോധം വേണം. കൃത്യത സംബന്ധിച്ച പ്രശ്നങ്ങൾ, ദുരുപയോഗ സാധ്യതകൾ, ഡിജിറ്റൽ ഡിവൈഡിലൂടെ വരുന്ന അപകടങ്ങൾ എന്നിവ ശ്രദ്ധിക്കണമെന്നും ഗൂഗിൾ സിഇഒ മുന്നറിയിപ്പ് നൽകി.

# ഏഴായിരത്തോളം നിർദേശങ്ങൾ; പുതിയ ആദായ നികുതി ബിൽ ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചേക്കും



**ന്യൂഡൽഹി:** പുതിയ ആദായ നികുതി ബിൽ ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചേക്കും. 1961ലെ ആദായനികുതി നിയമം പരിഷ്കരിക്കുമെന്നും നിയമം ലളിതമാക്കുമെന്നും കഴിഞ്ഞ വർഷത്തെ ബജറ്റിൽ മന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ചിരുന്നു. ഭാഷ ലളിതമാക്കൽ, തർക്ക പരിഹാരം, കാലഹരണപ്പെട്ട വകുപ്പുകൾ നീക്കംചെയ്യൽ തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് പൊതുജനങ്ങളിൽനിന്ന് അഭിപ്രായം ചോദിച്ചിരുന്നു. ഇവകൂടി പരിഗണിച്ചാണ് ബിൽ തയാറാക്കിയത്. ഏഴായിരത്തോളം നിർദേശങ്ങളാണ് ഇത്തരത്തിൽ ലഭിച്ചത്.

ആർക്കും എളുപ്പത്തിൽ മനസ്സിലാകുന്ന വിധമായിരിക്കും പുതിയ നിയമം എന്നു ധനമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ നിയമത്തിലെ പകുതിയോളം ആശയം നിലനിർത്തിക്കൊണ്ടു തന്നെ രൂപഘടനയിൽ കാര്യമായ മാറ്റംകൊണ്ടുവരാതെയും ലളിതവൽകരിച്ച പുതിയ നിയമമാണ് അവതരിപ്പിക്കുക. നിലവിലെ ടാക്സ് സ്ലാബുകളിലോ റിബേറ്റുകളിലോ മാറ്റം വരുത്തില്ല.



### കാൻസർ രോഗ നിർണയവും ചികിത്സയും കൂടുതൽ കാര്യക്ഷമമാക്കാൻ

# സംസ്ഥാനത്ത് ആദ്യമായി കാൻസർ ഗ്രിഡ്: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് കാൻസർ രോഗനിർണയവും ചികിത്സയും കൂടുതൽ കാര്യക്ഷമമാക്കാൻ കാൻസർ ഗ്രിഡ് ഏറെ സഹായകരമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 'ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് കാൻസർ ഗ്രിഡ് മുഖ്യമന്ത്രി പ്രകാശനം ചെയ്തു. താഴെത്തട്ട് മുതലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നവരിൽ കാൻസർ രോഗസാധ്യതയുള്ളവർക്ക് മറ്റിടങ്ങളിൽ അലയാതെ കൃത്യമായ പരിശോധനയും ചികിത്സയും ലഭ്യമാക്കുന്നു. സംസ്ഥാനത്തെ വിവിധ കാൻസർ പരിശോധനാ കേന്ദ്രങ്ങളുടേയും ചികിത്സാ സൗകര്യമുള്ള ആശുപത്രികളുടേയും പരിശോധനാ കേന്ദ്രങ്ങളുടേയും റീജിയണൽ കാൻസർ സെന്ററുകളുടേയും ഒരു ശൃംഖലയാണിത്. സംസ്ഥാനത്തെമ്പാടും ഒരേ തരത്തിൽ ഉയർന്ന നിലവാരമുള്ള കാൻസർ പരിചരണം ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

കാൻസർ ഗ്രിഡിലൂടെ രോഗികൾക്ക് എവിടെയാണെങ്കിലും സമാനമായ ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാകുന്നു. കാൻസർ പരിചരണത്തിനായി ഏകീകൃത ചികിത്സാ പ്രോട്ടോക്കോളുകളും മാർഗനിർദ്ദേശങ്ങളും സാധ്യമാക്കാനും ഇതിലൂടെ കഴിയുന്നു. കാൻസർ വിദഗ്ദ്ധർക്കിടയിൽ സഹകരണം എളുപ്പമാക്കുകയും അതുവഴി അവർക്ക് അറിവും വൈദഗ്ധ്യവും പങ്കിടാനും കഴിയുന്നു. കൂടാതെ കാൻസർ ചികിത്സയിലും പ്രതിരോധത്തിലുമുള്ള ഗവേഷണത്തേയും ഇന്നൊവേഷനേയും പ്രോത്സാഹിപ്പിക്കുന്നു. എവിടെയെല്ലാം കാൻസർ സ്ക്രീനിംഗ് സൗകര്യം ലഭ്യമാണ്, അവിടെ കാൻസർ സംശയിച്ചാൽ എവിടെ റഫർ ചെയ്യണം, അവിടെ എന്തെല്ലാം സേവനങ്ങൾ വേണം തുടങ്ങി കാൻസറിന്റെ ഓരോ ഘട്ടത്തിലും എവിടെയെല്ലാം പരിശോധനയും ചികിത്സയും ലഭ്യമാകുന്നു എന്ന് കൃത്യമായി മാപ്പ് ചെയ്യുന്ന സംവിധാനമാണ് കാൻസർ ഗ്രിഡ്. ഒരു സ്ഥാപനത്തിൽ കാൻസർ കണ്ടെത്തിയാൽ തുടർസേവനങ്ങൾ എവിടെ ലഭ്യമാണെന്ന് കൃത്യമായി നിശ്ചയിച്ചിട്ടുണ്ട്. രോഗി എത്തുന്ന ആരോഗ്യ കേന്ദ്രത്തിന് തൊട്ടടുത്ത് ആവശ്യമായ വിദഗ്ധ പരിശോധനയും ചികിത്സയും ലഭ്യമാകുന്ന സ്ഥലത്താണ് അയയ്ക്കുന്നത്. ആ കേന്ദ്രത്തെ ഇക്കാര്യം അറിയിക്കുകയും ചെയ്യും. സാമ്പിളുകൾ നൽകിയ ശേഷം രോഗിയ്ക്ക് വീട്ടിൽ പോകാം. പരിശോധനാ ഫലം തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രം വഴി അറിയിക്കുന്നു. ആവശ്യമെങ്കിൽ തുടർ സേവനങ്ങൾക്കായി റഫറൽ കേന്ദ്രത്തിലേക്ക് എത്തിക്കുന്നു. ചികിത്സയ്ക്ക് ശേഷം ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി തുടർസേവനങ്ങൾ ലഭ്യമാക്കുന്നു. ആശുപത്രികളിലെ ഗ്യാപ്പ് അനാലിസിസ് നടത്തി തുടർ നടപടികൾ സ്വീകരിച്ചാണ് കാൻസർ ഗ്രിഡ് സ്ഥാപിച്ചത്.

സംസ്ഥാനത്ത് കാൻസർ രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രാരംഭ രോഗ നിർണയത്തിനും പരിചരണത്തിനും പ്രത്യേക പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. കാൻസർ പ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ജനകീയ കാൻസർ ക്യാമ്പയിൻ സംഘടിപ്പിച്ച് വരികയാണ്. സ്ക്രീനിംഗിൽ രോഗ സാധ്യത കണ്ടെത്തുന്നവർക്ക് വിദഗ്ധ പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നു. ഈ പ്രവർത്തനങ്ങൾക്കും കാൻസർ ഗ്രിഡ് ഏറെ സഹായിക്കും.

# കൃഷിഭവൻ സ്മാർട്ടാകുന്നത് സേവനങ്ങൾ സ്മാർട്ടാകുമ്പോഴാണ്: കൃഷി മന്ത്രി പി. പ്രസാദ്

**തിരുവനന്തപുരം:** കൃഷിഭവനുകൾ കർഷകരുടെ ഭവനം ആകണമെന്നും കാർഷിക സേവനങ്ങൾ സ്മാർട്ടാകുമ്പോഴാണ് കൃഷി ഭവൻ സ്മാർട്ടാകുന്നതെന്നും കൃഷി മന്ത്രി പി. പ്രസാദ്. തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ സ്മാർട്ട് കൃഷിഭവനായ കരകുളം സ്മാർട്ട് കൃഷിഭവൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിലിന്റെ അധ്യക്ഷതയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കരകുളത്തിന്റെ മണ്ണിൽ ജില്ലയിലെ ആദ്യത്തെ സ്മാർട്ട് കൃഷി ഭവൻ ഉദ്ഘാടനം ചെയ്യുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും കൃഷി ഭവൻ എന്ന ആശയം കേരളത്തിൽ ഉടലെടുത്തതും കരകുളത്തിന്റെ മണ്ണിൽ അന്നത്തെ കൃഷി മന്ത്രിയായിരുന്ന വി.വി. രാഘവന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായിട്ടാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. കർഷകർക്ക് അവരുടെ സ്വന്തം വീട് പോലെ കയറിചെല്ലാവുന്ന ഒരിടമാവണം കൃഷി ഭവനുകൾ, കാലാനുസൃതമായ മാറ്റങ്ങൾ നമ്മുടെ സേവനങ്ങളിൽ ഉണ്ടാകണമെന്നും സമയബന്ധിതവും കാര്യക്ഷമവുമായ സേവനങ്ങൾ കർഷകർക്ക് നൽകുന്നതിൽ ജീവനക്കാർ അതീവ ജാഗ്രത പുലർത്തണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. കരകുളം ഇന്ന് നഗരവത്കരണത്തിന്റെ പാതയിലാണ്, നെൽകൃഷി നിലവിൽ ഇല്ലെങ്കിലും പച്ചക്കറി, വാഴ കൃഷിമേഖലയിൽ വളരെയധികം സാധ്യതകളുള്ള പഞ്ചായത്താണ്. സ്മാർട്ട് കൃഷിഭവൻ സേവനങ്ങൾ ഫലപ്രദമായി കർഷകർ ഉപയോഗപ്പെടുത്തണമെന്നും, ഭക്ഷ്യസുരക്ഷ ലക്ഷ്യംവെച്ച് കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമ്പൂർണ്ണ പച്ചക്കറി യജ്ഞത്തിലൂടെ സ്വയംപര്യാപ്തതയിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ സംഭാവനകൾ നൽകാൻ കർഷകരെ മന്ത്രി ആഹ്വാനം ചെയ്തു. ഉയർന്നു വരുന്ന ലോക ജനസംഖ്യ നമ്മുടെ മുന്നിലുള്ള വലിയ വെല്ലുവിളിയാണ്. കാർഷിക യോഗ്യമായ ഭൂമികളിൽ നൂതന കൃഷി രീതികൾ അവലംബിച്ച് പരമാവധി കൃഷി ചെയ്തു മാത്രമേ ഈ പ്രതിസന്ധി തരണം ചെയ്യാനാകൂ. കേരളത്തിലുടനീളം നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ കേര പദ്ധതിയിലൂടെ നെടുമങ്ങാട് മണ്ഡലത്തിന് ആവശ്യമായ എല്ലാ വിധ പദ്ധതി പിന്തുണയും മന്ത്രി തദവസരത്തിൽ പ്രഖ്യാപിച്ചു.

ശാസ്ത്രീയമായ കൃഷി രീതികൾ സ്വീകരിക്കാനും, ഉൽപ്പാദന ക്ഷമത വർധിപ്പിക്കാനും സ്മാർട്ട് കൃഷിഭവൻ സംവിധാനങ്ങളിലൂടെ കർഷകർക്ക് കഴിയണമെന്നും, മണ്ണ് പരിശോധന, കീട രോഗ നിർണ്ണയം തുടങ്ങിയ മേഖലകളിൽ കർഷകർക്ക് ശാസ്ത്രീയമായ പരിശോധനകളുടെ അടിസ്ഥാനത്തിൽ ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കരകുളം കൃഷിഭവന് കഴിയുമെന്ന് അധ്യക്ഷ പ്രസംഗത്തിൽ മന്ത്രി ജി.ആർ. അനിൽ അഭിപ്രായപ്പെട്ടു. നെടുമങ്ങാട് മണ്ഡലത്തിൽ നടത്തപ്പെട്ട കൃഷിദർശൻ പരിപാടിയിൽ ഉയർന്നു വന്ന ആവശ്യപ്രകാരം കരകുളം കൃഷിഭവന് വട്ടപ്പാറയിൽ സബ്സെന്റർ അനുവദിച്ച കൃഷി മന്ത്രി പി.പ്രസാദിന്റെ ഉറച്ച തീരുമാനത്തെയും കർഷകരോടുള്ള പ്രതിബദ്ധതയെയും മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. തദവസരത്തിൽ കർഷകരായ എൻ. സദാശിവൻ നായർ, റാണി ഡേവിഡ്സൺ, എ. രാമചന്ദ്രൻ നായർ എന്നിവർക്ക് കൃഷി മന്ത്രി സ്മാർട്ട് ഐ.ഡി. കാർഡുകൾ വിതരണം ചെയ്തു.

കർഷകർക്കും പൊതുജനങ്ങൾക്കും കൃത്യവും സമയബന്ധിതവുമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ കരകുളം, മംഗലാപുരം എന്നീ കൃഷിഭവനുകൾക്കാണ് 202223 സാമ്പത്തിക വർഷത്തിൽ പദ്ധതി അനുവദിച്ചത്. കൃഷി വകുപ്പ് അനുവദിച്ച 25 ലക്ഷം രൂപയോടൊപ്പം കരകുളം ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണം പദ്ധതിയിൽ വകയിരുത്തിയ 12.5 ലക്ഷം രൂപ കൂടെ വിനിയോഗിച്ചാണ് സ്മാർട്ട് കൃഷിഭവൻ യാഥാർഥ്യമാക്കിയത്. സാങ്കേതിക വിദ്യ വികസനം, അടിസ്ഥാന സൗകര്യവികസനം, ഫ്രണ്ട് ഓഫീസ് സംവിധാനം, വിള പരിപാലന കേന്ദ്രം, അറ്റകുറ്റ പണികളും പുതുക്കി പണിയലും വിഭാഗങ്ങളിലായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ കരകുളം ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗവും, വാങ്ങൽ പ്രവർത്തികൾ കൃഷി ഭവൻ മുഖേനെ പൂർത്തിയാക്കിയുമാണ് സമയബന്ധിതമായി സ്മാർട്ട് കൃഷി ഭവൻ പൂർത്തിയാക്കിയത്. കാർഷിക സേവനങ്ങൾ പൂർണമായും ഓൺലൈൻ ആക്കി പേപ്പർലെസ്സ് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക, കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുക, പ്ലാന്റ് ഹെൽത്ത് ക്ലിനിക് മുഖേന വിളപരിപാലന പരിപാടികൾ ഏകോപിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സ്മാർട്ട് കൃഷിഭവനിലൂടെ പ്രാഥമികമായി നടപ്പിലാക്കും.

കരകുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് യു. ലേഖറാണി സ്വാഗതം പറഞ്ഞ ഉദ്ഘാടന സമ്മേളനത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ദീപ വി. കൃഷി ഓഫീസർ അശ്വതി കെ. ശശിധരൻ, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. അമ്പിളി, വൈസ് പ്രസിഡന്റ് പി. വൈശാഖ്, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. കെ. വി. ശ്രീകാന്ത്, വൈസ് പ്രസിഡന്റ് സുനിൽകുമാർ റ്റി, സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിനിധികൾ ഉഷ കുമാരി, രാജീവ് വി. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു.



## വിഷുക്കണിയൊരുക്കാൻ ഹരിതസംഘം

**പത്തനംതിട്ട:** ജില്ലയിൽ കണിയൊരുക്കാൻ വിഷുക്കണിയിൽ പ്രഥമനായ കണിവെള്ളരി വിളവെടുപ്പിനായി വിത്തിട്ടു പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് തോലുഴം ഹരിത സംഘം. വെള്ളരി വിത്ത് പാകി കൃഷിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. രാജേന്ദ്രപ്രസാദ് നിർവഹിച്ചു.

തോലുഴം ഹരിതസംഘം പ്രവർത്തിക്കുന്ന പാറക്കര വാർഡിലായി 50 സെന്റ് വീതമുള്ള രണ്ട് ഇടങ്ങളിലായാണ് വെള്ളരി കൃഷിയുടെ ആദ്യഘട്ടം ആരംഭിച്ചിരിക്കുന്നത്. കഴിഞ്ഞ നാല് വർഷമായി മേടവിഷുവിനു കണി കാണാൻ കണി വെള്ളരി വിളവെടുത്ത അതേ കർഷകർ തന്നെയാണ് ഇക്കുറിയും കൃഷിക്ക് തുടക്കമിട്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി.പി വിദ്യാധരപണിക്കർ, ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ മിനി, പന്തളം കൃഷി ഡയറക്ടർ എസ് കവിത, കൃഷി ഓഫീസർ സി. ലാലി, തോലുഴം ഹരിതസംഘം പ്രസിഡന്റ് എൻ ജി പ്രസാദ്, സെക്രട്ടറി, മോഹൻകുമാർ, കർഷകർ എന്നിവർ പങ്കെടുത്തു.

## കയർ ഭൂവസ്ത്ര പദ്ധതികൾ: ജില്ലാതല ശില്പശാല സംഘടിപ്പിച്ചു

**കൊച്ചി:** ജില്ലാതല കയർ ഭൂവസ്ത്ര ശില്പശാല കളമശ്ശേരി പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് ഹാളിൽ സംഘടിപ്പിച്ചു. നോർത്ത് പറവൂർ കയർ പ്രൊജക്റ്റ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു.

ജില്ലയിൽ ഏറ്റവും കൂടുതൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിയ വടക്കേക്കര, ചെല്ലാനം, കോട്ടുവള്ളി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചടങ്ങിൽ ആനുമോദിച്ചു.

തൊഴിലുറപ്പു പദ്ധതികളിൽ കയർ ഭൂവസ്ത്ര പദ്ധതിയുടെ സംയോജന സാദ്ധ്യതകൾ എന്ന വിഷയത്തിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രതീഷയും , കയർ ഭൂവസ്ത്ര വിതാനം സാങ്കേതിക വശങ്ങൾ എന്ന വിഷയത്തിൽ കയർ കോർപ്പറേഷൻ മാനേജർ ആർ. അരുൺ ചന്ദ്രനും ക്ലാസുകൾ നയിച്ചു.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സ്റ്റേറ്റ് സെക്രട്ടറി കെ.ആർ ജയകുമാർ ചടങ്ങിൽ അധ്യക്ഷനായി. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കെ.ജെ. ജോയി, പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കമല സദാനന്ദൻ, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, നോർത്ത് പറവൂർ കയർ പ്രൊജക്ട് ഓഫീസർ കെ. അജയകുമാർ, അപ്പെക്സ് ബോഡി ഫോർ ടി.ആർ ബോസ്, നോർത്ത് പറവൂർ കയർ പ്രൊജക്ട് ഓഫീസിലെ ഹെഡ്ക്വാർട്ടേഴ്സ് ഇൻസ്പെക്ടർ എം.എസ് മോഹൻദാസ് ,ജില്ലയിലെ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, സെക്രട്ടറിമാർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.



## സുരക്ഷിത ഇന്റർനെറ്റ് ദിനാചരണ ശിൽപശാല സംഘടിപ്പിച്ചു

**പത്തനംതിട്ട:** സുരക്ഷിത ഇന്റർനെറ്റ് ദിനാചരണത്തിന്റെ ഭാഗമായി നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന്റെ നേതൃത്വത്തിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ജില്ലാതല ശിൽപശാല ജില്ലാ അഡിഷണൽ മജിസ്ട്രേറ്റ് ബി ജ്യോതി ഉദ്ഘാടനം ചെയ്തു. ജില്ലാഭരണകൂടം, സൈബർസെൽ, സംസ്ഥാന ഐടി മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ശിൽപശാല സംഘടിപ്പിച്ചത്. 'നല്ലൊരു ഇന്റർനെറ്റിനായി ഒരുമിക്കാം' എന്നതാണ് വിഷയം. സൈബർ പ്രശ്നങ്ങളും സുരക്ഷിത മാർഗങ്ങളും എന്ന വിഷയത്തിൽ സൈബർ സെൽ സബ് ഇൻസ്പെക്ടർ പി ബി അരവിന്ദാക്ഷൻ നായർ മുഖ്യപ്രഭാഷണം നടത്തി. കേന്ദ്ര ഇലക്ട്രോണിക്സ് ഐടി മന്ത്രാലയത്തിന്റെ മാർഗനിർദേശങ്ങളെക്കുറിച്ചും സംസ്ഥാന ഐടി സെല്ലിന്റെ പ്രവർത്തനത്തെക്കുറിച്ചും ജില്ലാ ഇൻഫർമാറ്റിക് ഓഫീസർ വിശദീകരിച്ചു. ചെന്നീർക്കര, അടൂർ കേന്ദ്രീയ വിദ്യാലയങ്ങളിൽ ദിനാചരണം നടത്തി. അക്ഷയ സെന്ററുകളും ദിനാചരണത്തിന്റെ ഭാഗമായി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# മൂന്നിരട്ടിയിലധികം വിളവ് നൽകുന്ന കൃത്യത കൃഷിക്ക് തുടക്കമായി

**കോഴിക്കോട്:** പച്ചക്കറി വിളകളിൽ ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സഹായിക്കുന്ന കൃത്യത കൃഷിക്ക് പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാമിൽ തുടക്കമായി. ഒരു ഏക്കറോളം സ്ഥലത്താണ് കൃഷി ആരംഭിച്ചത്. ശാസ്ത്രീയമായി കൃഷിയിടം തയ്യാറാക്കി അടിവളങ്ങളും ജൈവ വളവും നൽകിയ ശേഷം തുള്ളിനന സമ്പ്രദായത്തിലൂടെ വെള്ളവും വളവും നൽകുകയും പ്ലാസ്റ്റിക്ക് പുതയിടീലും അനുവർത്തിക്കുന്ന രീതിയാണ് കൃത്യത കൃഷി.

വെള്ളത്തിൽ ലയിപ്പിക്കുന്ന വളങ്ങൾ ചെടിയുടെ വളർച്ചാ ഘട്ടത്തിനനുസരിച്ച് പോഷക മൂലകങ്ങളുടെ തോത് നിശ്ചയിച്ച് നൽകുന്നു. ഇത്തരത്തിൽ നൽകുന്നതിലൂടെ പോഷക മൂലകങ്ങൾ നേരിട്ട് വേരു പടലങ്ങളിൽ എത്തുകയും ചെടി അവ കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുന്നു. തുള്ളി നനയിലൂടെ ആവശ്യമായ വെള്ളം കൃത്യമായ അളവിൽ നൽകാനും ജലം ലാഭിക്കാനും സാധിക്കുന്നു. ഈ രീതിയിലൂടെ ഉല്പാദനം പരമ്പരാഗത രീതിയെ അപേക്ഷിച്ച് മൂന്നിരട്ടിയിലധികമായി വർദ്ധിപ്പിക്കാൻ സാധിക്കുന്നു.

കർഷകർക്ക് വന്ന് കണ്ട് പഠിക്കാനുള്ള ഒരു പ്രദർശന തോട്ടം എന്ന നിലയിൽ കൂടിയാണ് തോട്ടം സജ്ജമാക്കിയിരിക്കുന്നതെന്ന് പേരാമ്പ്ര ഫാം സീനിയർ കൃഷി ഓഫീസർ പി പ്രകാശ് വിശദീകരിച്ചു.

പാവൽ, പടവലം, വെള്ളരി മത്തൻ, കുമ്പളം, വഴുതന, ചീര എന്നിങ്ങനെയുള്ള വിളകളാണ് ഈ നൂതന മാർഗത്തിൽ കൃഷി ഫാമിൽ ചെയ്തിരിക്കുന്നത്. ഗുണമേന്മയുള്ള വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനും കൃത്യത കൃഷി രീതി സഹായിക്കുന്നു. പോളി ഹൗസുകളിലും തുറസ്സായ സ്ഥലത്തും നടത്താം എന്നതാണ് ഈ കൃഷി രീതിയുടെ പ്രത്യേകത

# ഇന്ത്യയിലെ ആദ്യ വനിതാ സ്കൂബാ ഡൈവിങ് ആൻഡ് റെസ്ക്യൂ ടീം പരിശീലനം പൂർത്തിയാക്കി

**തിരുവനന്തപുരം:** ജലസുരക്ഷയിൽ വിദഗ്ധ പരിശീലനം നേടിയ സംസ്ഥാന വനിതാ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരിലൂടെ കേരളം രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ജലസുരക്ഷാ പരിശീലനം പൂർത്തിയാക്കിയ പതിനേഴംഗ വനിതാ സ്കൂബാ ഡൈവിങ് ടീം അംഗങ്ങളുടെ ഉദ്ഘാടനവും ഡൈവിംഗ് ബാഡ്ജ് വിതരണവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

രാജ്യത്ത് തന്നെ ആദ്യമായാണ് വനിതകളുടെ നേതൃത്വത്തിലുള്ള ഒരു സ്ക്യൂബ ഡൈവിങ് ടീമിനെ രൂപീകരിച്ചിരിക്കുന്നത്. അഗ്നിസുരക്ഷാ വകുപ്പിന്റെ കീഴിൽ ആദ്യമായി വനിതാ ഫയർ ഫോഴ്സ് ആൻഡ് റെസ്ക്യൂ ഓഫീസർമാരെ നിയമിച്ചത് കഴിഞ്ഞ വർഷമാണ്. അന്ന് നിയമിതരായ 100 ഓഫീസർമാരിൽ സാഹസികത ഇഷ്ടപ്പെടുന്ന 17 ഓഫീസർമാർക്കാണ് സ്ക്യൂബ ഡൈവിങ്ങിൽ പരിശീലനം നൽകിയത്, എന്ന് തൃശ്ശൂർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ്സ് അക്കാദമിയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി അറിയിച്ചു.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം കേരളത്തിൽ റോഡപകടങ്ങൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അപകടങ്ങൾ നടക്കുന്നത് ജലാശയങ്ങളിലാണ്. കേരളത്തിൽ പ്രതിവർഷം ആയിരത്തിലധികം പേർ ജലാശയപകടങ്ങളിൽ മരണപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ഫോർട്ട് കൊച്ചിയിൽ ജലസുരക്ഷാ പരിശീലന കേന്ദ്രം ആരംഭിച്ചത്. ഇവിടെയാണ് വനിതാ സ്കൂബാ ഡൈവിങ് ടീം പരിശീലനം നേടിയത്. 21 ദിവസത്തെ ഓപ്പൺ വാട്ടർ ഡൈവിങ് കോഴ്സും, 11 ദിവസത്തെ അഡ്വാൻസ്ഡ് ഓപ്പൺ ഡൈവിങ് കോഴ്സുമാണ് ഇവർ പൂർത്തീകരിച്ചത്, മുഖ്യമന്ത്രി പറഞ്ഞു.

പരിശീലനം പൂർത്തിയാക്കിയ വനിതാ ഓഫീസർമാർക്ക് 30 മീറ്റർവരെ താഴ്ചയിൽ രക്ഷാപ്രവർത്തനം നൽകാൻ സാധിക്കും. സംസ്ഥാനത്തെ ജല പരിശീലനകേന്ദ്രം ഇതുവരെ 300 ലധികം പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും നാഷണൽ ഫയർ സർവീസ് കോളജിൽ നിന്നു വരെ ഇവിടെ സ്കൂബാ ഡൈവിങ് പരിശീലനത്തിന് ഓഫീസർമാർ വരുന്നുണ്ടെന്നും, ഇത് കേരളം ഈ മേഖലയിൽ കൈവരിച്ച മുന്നേറ്റത്തേയാണ് സൂചിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജലാശയ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതോടൊപ്പം ജലാശയാപകടങ്ങളുടെ തോത് കുറയ്ക്കാനും ശ്രദ്ധിക്കണം. ഇതിനായി ജലസുരക്ഷയെ കുറിച്ച് വ്യക്തമായ അവബോധം എല്ലാവർക്കും ഉണ്ടാകണം. കുട്ടികൾക്കും ഇതിനെ കുറിച്ച് കൃത്യമായ ബോധവൽക്കരണവും പരിശീലനവും നൽകണം. ഏതൊരു ജലാശയത്തെ സമീപിക്കുമ്പോഴും അവിടെ അപകടം പതിയിരിപ്പുണ്ട് എന്നും സുരക്ഷ എന്നത് മുൻകരുതലിലൂടെ മാത്രം ഉറപ്പുവരുത്താൻ കഴിയുന്നതാണ് എന്നുമുള്ള സന്ദേശം എല്ലാവരിലും എത്തിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ അഗ്നി രക്ഷാസേനയെ ബഹുമുഖദുരന്തങ്ങൾ ഫലപ്രദമായി നേരിടാൻ പ്രാപ്തമായ സേനയാക്കാൻ കഴിഞ്ഞിട്ടുണ്ട്. അഗ്നിരക്ഷാ പ്രവർത്തനങ്ങൾക്കുപരിയായി ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, റോഡ് റെയിൽ അപകടങ്ങൾ, വെള്ളപ്പൊക്കം എന്നിങ്ങനെയുള്ള എല്ലാ ദുരന്ത മേഖലകളിലും പ്രവർത്തിക്കാൻ കരുത്തുള്ള ടാസ്ക് ഫോഴ്സുകൾ അഗ്നി സുരക്ഷാവകുപ്പിന് കീഴിൽ ഉണ്ട്. ജലാശയ അപകടങ്ങൾ തടയുന്നതിന് എല്ലാ ജില്ലകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്കൂ ബാ ഡൈവിങ് ടീമിന്റെ സേവനം ലഭ്യമാണ്.

സുസജ്ജവും സംതൃപ്തവുമായ അഗ്നി സുരക്ഷാ സേവനമാണ് കേരളം ലക്ഷ്യമിടുന്നത് മുഖ്യമന്ത്രി പറഞ്ഞു.

ജലാശയ അപടകടങ്ങളിൽ രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാന അഗ്നിസുരക്ഷാ വകുപ്പിനു കീഴിൽ രാജ്യത്താദ്യമായി വനിതാ സ്കൂബാ ഡൈവിങ്ങ് ആൻഡ് റെസക്യൂ ടീം രൂപീകരിച്ചത്. പി. എസ്. സേതുപാർവ്വതി, അപർണ കൃഷ്ണൻ, ശ്രുതി പി രാജു, കെ. അപർണ, കെ. പി. അമേയ രാജ, നീതു നെൽസൺ, ആര്യ സുരേഷ്,സിമിൽ ജോസ്, സ്നേഹ ദിനേഷ്, നിഷിദ റഷീദ്, കെ. എൻ. നിത്യ, എം. അനുശ്രീ, കെ. എം. ഗീതുമോൾ, അഷിത കെ സുനിൽ, സി. എസ്. ജെസ്ന, ഡി. സ്വാതി കൃഷ്ണ, പി.എൽ. ശ്രീഷ്മ എന്നിവരാണ് ടീമിലുള്ളവർ.

30 അടി താഴ്ചയിൽ വരെ ഊളിയിട്ട് പോയി മീൻ പിടിക്കാൻ സാധിക്കുന്ന കടൽപ്പക്ഷിയായ ഗാനെറ്റ്സിന്റെ പേരാണ് വനിതാ റെസ്ക്യൂ ടീമിനു നൽകിയിരിക്കുന്നത്.

# വിജ്ഞാന ആലപ്പുഴ മെഗാതൊഴിൽമേള: പെൺകുട്ടികൾക്ക് തൊഴിൽമേള സംഘടിപ്പിച്ചു

**ആലപ്പുഴ:** ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 15 ന് സംഘടിപ്പിക്കുന്ന വിജ്ഞാന ആലപ്പുഴ മെഗാതൊഴിൽമേളയുടെ ഭാഗമായി പോളിടെക്നിക് ഡിപ്ലോമ, ബി എസ് സി ഡിഗ്രി എന്നിവ കഴിഞ്ഞ പെൺകുട്ടികൾക്കായി സിയറ്റ് തൊഴിൽമേള സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച മേള ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി ഉദ്ഘാടനം ചെയ്തു.

വ്യത്യസ്ത തൊഴിലുകൾ നൽകാൻ സാധിക്കുന്ന തൊഴിൽദാതാക്കളെയും തൊഴിലന്വേഷകരെയും ഒരുമിപ്പിക്കുക എന്നതാണ് വിജ്ഞാന ആലപ്പുഴ പദ്ധതിയുടെ ലക്ഷ്യമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. തൊഴിൽമേളയിൽ രജിസ്റ്റർ ചെയ്ത യോഗ്യതയുള്ള മുഴുവൻ ആളുകൾക്കും തൊഴിൽ ഉറപ്പാക്കും. അഭിമുഖങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ആത്മവിശ്വാസവും വൈഭവവും കുട്ടികളിൽ വളർത്തിയെടുക്കുകയെന്നതും വിജ്ഞാന കേരളം പദ്ധതിയുടെ ലക്ഷ്യമാണ്. മറ്റു ജില്ലകളിലും വിജ്ഞാനകേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാതൃകയായി ആലപ്പുഴ മാറുമെന്നും പ്രസിഡന്റ് പറഞ്ഞു.

ഫെബ്രുവരി 15ന് എസ് ഡി കോളേജിൽ സംഘടിപ്പിക്കുന്ന മൊഗാതൊഴിൽമേളയ്ക്ക് മുന്നോടിയായുള്ള നാലാമത് മേളയാണ് നടന്നത്. 80 ലധികം തൊഴിലന്വേഷകർ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാൾ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജോബ് സ്റ്റേഷനുകളിൽ നേരിട്ടെത്തി ഓൺലൈൻ അഭിമുഖത്തിൽ പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് അസോസിയേറ്റ് ട്രെയിനി ഒഴിവിലേക്ക് ചെന്നൈയിലാണ് നിയമനം.

ഉദ്ഘാടന ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗം അഡ്വ. ആർ റിയാസ് അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ആർ ദേവദാസ്, വിജ്ഞാന ആലപ്പുഴ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ സി കെ ഷിബു, കെ ഡിസ്ക് ഫാക്കൽറ്റി പ്രിൻസ് എബ്രഹാം, കെ കെ ഇ എം ജില്ലാ പ്രോഗ്രാം മാനേജർ ഡാനി വർഗീസ്, വിജ്ഞാന കേരളം പദ്ധതി അസോസിയേറ്റ് ഡയറക്ടർ ബിനീഷ് ജോർജ്, ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് പി വി വിനോദ്, കെഡിസ്ക് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സമ്പൂർണ ഹരിത പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും

**കോഴിക്കോട്:** മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണ ഹരിത പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി കൊയിലാണ്ടി നഗരസഭ. സമ്പൂർണ ഹരിത വിദ്യാലയം, സമ്പൂർണ ഹരിത അയൽകൂട്ടം, സമ്പൂർണ ഹരിത സ്ഥാപനം, സമ്പൂർണ ഹരിത അംഗനവാടി എന്നീ വിഭാഗങ്ങളിലാണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തത്.

അജൈവ മാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ, ശാസ്ത്രീയമായി ജൈവമാലിന്യ സംസ്കരണം, കൃത്യമായ ദ്രവ മാലിന്യ സംസ്കരണം, വൃത്തിയായ പരിസര പരിപാലനം, കുടിവെള്ള സ്രോതസിന്റെ പരിപാലനം തുടങ്ങിയ നിരവധി മാനദണ്ഡങ്ങൾ പരിശോധിച്ചതിനു ശേഷമാണ് ഹരിത പ്രഖ്യാപനം നടത്തുന്നത്. പൊതുമാനദണ്ഡങ്ങൾക്ക് പുറമേ വിവിധ വിഭാഗങ്ങളിൽ പ്രത്യേകമായ മാനദണ്ഡങ്ങളും കൂടെ പരിഗണിച്ചാണ് ഹരിത സർട്ടിഫിക്കറ്റ് നൽകുന്നത്.

നഗരസഭയിലെ 72 അംഗനവാടികൾ, 27 വിദ്യാലയങ്ങൾ, നാല് കലാലയങ്ങൾ, 78 ഓഫീസുകൾ, 708 അയൽക്കൂട്ടങ്ങൾ എന്നിവ ഹരിത സർട്ടിഫിക്കറ്റിന് അർഹരായി. ഹരിത പ്രഖ്യാപനത്തോടനുബന്ധിച്ച് നഗരസഭയുടെ നേതൃത്വത്തിൽ ഹരിത പ്രഖ്യാപന വിളംബര ജാഥയും നടന്നു.

യു എ ഖാദർ സാംസ്കാരിക പാർക്കിൽ നടന്ന ചടങ്ങിൽ നഗരസഭ സ്ഥിരം സമിതി അധ്യക്ഷന്മാരായ ഇ കെ അജിത്ത്, നിജില പറവക്കൊടി, കെ എ ഇന്ദിര, കെ ഷിജു, കൗൺസിലർമാരായ എ അസീസ്, ലളിത, വത്സരാജ്, ദൃശ്യ, പ്രജിഷ എന്നിവർ സംസാരിച്ചു. നഗരസഭ സെക്രട്ടറി ഇന്ദു എസ് ശങ്കരി സ്വാഗതവും നഗരസഭ ക്ലീൻ സിറ്റി മാനേജർ ടി കെ സതീഷ് കുമാർ നന്ദിയും പറഞ്ഞു.

# കിക്മ എം.ബി.എ അഭിമുഖം

**തിരുവനന്തപുരം:** സഹകരണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 202527 ബാച്ചിലേയ്ക്ക് അഡ്മിഷൻ ഇന്റർവ്യൂ ഫെബ്രുവരി 15ന് രാവിലെ 10 മണി മുതൽ കിക്മ കോളേജിൽ നടക്കും.

കേരള സർവ്വകലാശാലയുടെയും, എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ഓപ്പറേഷൻസ്, സിസ്റ്റംസ് എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്ക് പ്രത്യേക സ്കോളർഷിപ്പും, എസ്.സി./എസ്.റ്റി/ഒ.ഇ.സി/ ഫിഷർമാൻ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭിക്കും.50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത, അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും, ഫെബ്രുവരിയിൽ കെമാറ്റ് പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കും അഡ്മിഷൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8547618290, 9188001600,

# സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കളിക്കളം നിർമ്മിക്കും: മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കായിക പ്രവർത്തനങ്ങൾക്കായി കളിക്കളം നിർമ്മിക്കുമെന്നും, 2027ൽ കായിക വകുപ്പിനു കീഴിൽ ഗ്രീൻഫീൽഡ് സ്റ്റേഡിയം സർക്കാർ ഏറ്റെടുക്കുമെന്നും കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ പുതുതായി പണി കഴിപ്പിച്ച അക്കാദമിക്/ റസിഡൻഷ്യൽ ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 2.38 കോടി രൂപ വിനിയോഗിച്ചാണ് അക്കാദമിക്/ റസിഡൻഷ്യൽ ബ്ലോക്കിന്റെ നിർമാണം പൂർത്തിയാക്കിയത്. ദേശീയ, അന്തർദേശീയ മത്സരങ്ങൾക്കും പരിശീലത്തിനത്തിനുമായി എത്തിച്ചേരുന്ന കായിക താരങ്ങൾക്കും ഒപ്പമെത്തുന്ന പരിശീലകർ, ഒഫിഷ്യലുകൾ എന്നിവർക്കും താമസസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായാണ് ഷൂട്ടിംഗ് റേഞ്ചിലെ പ്രധാന കവാടത്തിനു സമീപം റസിഡൻഷ്യൽ ബ്ലോക്ക് നിർമ്മിച്ചിരിക്കുന്നത്.

ഏഷ്യയിലെ തന്നെ ഏറ്റവും മികച്ച ഷൂട്ടിംഗ് റേഞ്ചിൽ ഒന്നാണ് വട്ടിയൂർക്കാവിലേതെന്ന് മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. സമയബന്ധിതമായി പദ്ധതി നടപ്പിലാക്കിയതിന് സ്ഥലം എംഎൽഎ കൂടിയായ വി.കെ. പ്രശാന്തിനെ മന്ത്രി അഭിനന്ദിച്ചു.

ചടങ്ങിൽ വി.കെ. പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ചു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തായിരുന്നു പ്രദേശത്ത് 50ലക്ഷം രൂപ ചെലവിൽ ഫിറ്റ്നസ് സെന്റർ നിർമ്മിച്ചതെന്നും. ഇപ്പോൾ റസിഡൻഷ്യൽ ബ്ലോക്ക് കൂടി യാഥാർഥ്യമായതോടെ കായിക താരങ്ങൾ നേരിട്ടിരുന്ന താമസ സൗകര്യം എന്ന ബുദ്ധിമുട്ടും മാറിയതായി അദ്ദേഹം പറഞ്ഞു.

കിഫ്ബി പദ്ധതി വഴി ഒട്ടേറെ വികസന പ്രവർത്തനങ്ങൾ വട്ടിയൂർക്കാവ് മണ്ഡലത്തിൽ നടത്താൻ സാധിച്ചതായി അദ്ദേഹം അഭിപ്രായപ്പെട്ടു.

ഷൂട്ടിംഗ് റേഞ്ചിൽ ഗസ്റ്റ് ഹൗസും ഹോസ്റ്റലും നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 2,38,13,524 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിലവിൽ റസിഡൻഷ്യൽ ബ്ലോക്ക് യാഥാർഥ്യമായതോടെ ഇവിടെയെത്തുന്ന കായികതാരങ്ങൾക്കും പരിശീലകർക്കും ഇനി താമസ സൗകര്യത്തിനായി മറ്റു സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരില്ല.ചടങ്ങിൽ സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ ചീഫ് എൻജിനീയർ അനിൽകുമാർ. പി.കെ, കായിക വകുപ്പ് ഡയറക്ടർ വിഷ്ണുരാജ്, കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.



# പാതയോര സൗന്ദര്യവൽക്കരണം: പിന്തുണയുമായി കൂടുതൽ സ്കൂളുകൾ

**കോട്ടയം:** പ്ലാറ്റിനം ജൂബിലി ആഘോഷിക്കുമ്പോൾ കോട്ടയം ജില്ല ഹരിതാഭയോടെ മനോഹരമായി നിൽക്കണം. വലിച്ചെറിയൽ മുക്തവുമായിരിക്കണം.' ജില്ലാ കളക്ടർ ജോൺ വി. സാമുവലിന്റെ വാക്കുകൾ സന്തോഷത്തോടെ സ്വീകരിച്ച അധ്യാപകർ അവരുടെ എല്ലാ പിന്തുണയും ഉറപ്പുനൽകി. ജില്ലയിലെ പാതയോരങ്ങളും നഗരകേന്ദ്രങ്ങളും മനോഹരമാക്കുന്നതിന്റെ ഭാഗമായി ചങ്ങനാശേരി, വൈക്കം, ഈരാറ്റുപേട്ട നഗരസഭാ പരിധികളിലുള്ള സ്കൂൾ പ്രഥമാധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. മറ്റ് നഗരസഭാ പരിധികളിലെ സകൂളധികൃതരുടെ യോഗം കഴിഞ്ഞദിവസം കളക്ടർ വിളിച്ചുചേർത്തിരുന്നു.

ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ തങ്ങൾക്ക് ചെയ്യാനാവുന്ന കാര്യങ്ങൾ സ്കൂൾ അധികൃതർ വിശദീകരിച്ചു. വിദ്യാലയങ്ങളുടെ മുൻപിലൂടെ കടന്നുപോകുന്ന റോഡിന്റെ അരികുകൾ വൃത്തിയായി സൂക്ഷിക്കാൻ പ്രത്യേക ശ്രദ്ധ വേണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. ജില്ലയിലേക്കുള്ള കവാടങ്ങൾ ആരെയും ആകർഷിക്കുന്ന തരത്തിലേക്ക് മാറ്റണം. റോഡിൽ തുപ്പുന്നതിനെതിരെയും ബോധവത്കരണം വേണം. പദ്ധതിയുടെ ഭാഗമായി നടുന്ന ചെടികൾ വേനൽക്കാലത്ത് നനയ്ക്കുന്നതിന് നഗരസഭകളുടെ സഹായം ലഭ്യമാക്കുമെന്ന് കളക്ടർ പറഞ്ഞു. ജില്ലയിലെ നഗരങ്ങൾ സൗന്ദര്യവത്കരിക്കാനും വലിച്ചെറിയൽ മുക്തമാക്കാനും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജനകീയ പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു യോഗം വിളിച്ചുചേർത്തത്. ആദ്യഘട്ടത്തിൽ ജില്ലയിലെ ആറു നഗരസഭകളിലെ പാതയോരങ്ങളും പുഴയോരങ്ങളും പൂന്തോട്ടമടക്കം ഒരുക്കി സൗന്ദര്യവത്കരിക്കാനാണ് പദ്ധതിയിടുന്നത്. മാർച്ച് രണ്ടാംവാരത്തോടെ തുടങ്ങി മേയിൽ പൂർത്തിയാക്കുന്ന തരത്തിലാണ് ആലോചനകൾ നടക്കുന്നത്.

യോഗത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പു ജോയിന്റ് ഡയറക്ടർ ബിനു ജോൺ, ശുചിത്വമിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ നോബിൾ മാത്യു എന്നിവർ പങ്കെടുത്തു.

# മാമാങ്ക മഹോത്സവം: അങ്കവാൾ പ്രയാണത്തിനു സ്വീകരണം നൽകി

**മലപ്പുറം:** അങ്ങാടിപ്പുറത്ത് നിന്നു പുറപ്പെട്ട മുപ്പത്തി ഒന്നാമത് മാമാങ്ക മഹോത്സവത്തിന്റെ അങ്കവാൾ പ്രയാണത്തിന് മലപ്പുറം ഡിടിപിസി ഓഫീസിനു മുന്നിൽ സ്വീകരണം നൽകി. ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ഡോ. തോമസ് ആന്റണി, ഡി, ടി.പി. സി.സെക്രട്ടറി വിപിൻ ചന്ദ്ര, ജനകീയസൂത്രണം ജില്ലാ കോഡിനേറ്റർ എ. ശ്രീധരൻ, ഇൻഫർമേഷൻ അസിസ്റ്റന്റ് എസ്.ശാരിക, അനിൽകുമാർ തുടങ്ങിയവർ ഡി ടി പി സി ഓഫീസിനു മുന്നിലെ സ്വീകരണ ചടങ്ങിൽ സംബന്ധിച്ചു. കൂടാതെ കോട്ടക്കൽ ആര്യവൈദ്യശാല കൈലാസമന്ദിരത്തിലും അങ്കവാൾ യാത്രയ്ക്ക് സ്വീകരണം നൽകി. സ്വികരണത്തിൽ സി.ഇ.ഒ. കെ ഹരികുമാർ, ജോയിന്റ് ജനറൽ മാനേജർ പി രാജേന്ദ്രൻ , ശൈലജ മാധവൻ കുട്ടി. പി എസ് സുരേന്ദ്രർ വാര്യർ, വിനോദ് നാരായണൻ ,പി.പി രാജൻ, രമേശ് ചന്ദ്രവർമ്മ . ടി. കെ.. സാബു, എം ടി രാമകൃഷ്ണൻ, ബാലകൃഷ്ണ വാര്യർ എന്നിവർ പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സൗദ അങ്കവാൾ കൈമാറൽ മാറൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. റീ എക്കോ പ്രസിഡണ്ട് റഷീദ് പൂവത്തിങ്കൽ അധ്യക്ഷനായി. ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ മാമ്പറ്റ വേണുഗോപാൽ, ചെയർമാൻ ഉള്ളാട്ടിൽ രവീന്ദ്രൻ, ചിറക്കൽ ഉമ്മർ, കെ.ടി. അനിൽകുമാർ, എ.എം.ശിവപ്രകാശ്, ഈശ്വര പ്രസാദ്, ഇല്യാസ് പള്ളത്ത് , എം.കെ സതീഷ് ബാബു, സലീം തോട്ടായി, സി.കെ ശിവൻ, ഇ അയ്യപ്പൻ, സതി പട്ടാമ്പി തുടങ്ങിയവർ പങ്കെടുത്തു. ആഴ് വാഞ്ചേരി തമ്പ്രാക്കൾ രക്ഷാധികാരിയായ മാമാങ്കം മെമ്മോറിയൽ ട്രസ്റ്റും റീ എക്കൗയും സംയുക്തമായാണ് മാമാങ്ക മഹോത്സവം സംഘടിപ്പിക്കുന്നത്.

# വിവിധ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മാധ്യമപഠനത്തിൽ പിജി ഡിപ്ലോമ, പോസ്റ്റ് ഡിപ്ലോമ, ഡിപ്ലോമ എന്നീ കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. പ്ലസ് ടു, ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഫെബ്രുവരി 15 വരെയാണ് അപേക്ഷകൾ സമർപ്പിക്കാനുള്ള കാലാവധി.

തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ കെൽട്രോൺ സെന്ററുകളിലാണ് പുതിയ ബാച്ചുകൾ ആരംഭിക്കുന്നത്. പ്രിന്റ് മീഡിയ, ടെലിവിഷൻ, ഡിജിറ്റൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേർണലിസം, വാർത്ത അവതരണം, ആങ്കറിംഗ്, വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ്, ഇൻഫോപ്രെണർഷിപ്പ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കും.

ഇന്റേൺഷിപ്പ്, മാധ്യമസ്ഥാപനങ്ങളിൽ പരിശീലനം, പ്ലേസ്മെന്റ് സപ്പോർട്ട് എന്നിവ നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. താത്പര്യമുള്ളവർ വിദ്യാഭ്യാസ രേഖകൾ സഹിതം തിരുവനന്തപുരം വഴുതക്കാട്ടെ കെൽട്രോൺ നോളജ് സെന്ററിൽ ബന്ധപ്പെടുക. ഫോൺ : 9544958182.

# റോളർ സ്കേറ്റിംഗ് അക്കാദമിയിലേക്കുള്ള സെലക്ഷനും രജിസ്ട്രേഷനും 16ന്

**മലപ്പുറം:** ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലയിൽ എടപ്പാൾ ജി.എച്ച്.എസ്.എസ് സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിക്കുന്ന റോളർ സ്കേറ്റിംഗ് അക്കാദമിയിലേക്കുള്ള കുട്ടികളുടെ സെലക്ഷനും രജിസ്ട്രേഷനും ഫെബ്രുവരി 16ന് രാവിലെ 7.30 ന് നടക്കും. നാലു വയസ്സ് മുതലുള്ള കുട്ടികൾക്ക് പങ്കെടുക്കാം. പങ്കെടുക്കുവാൻ താത്പര്യമുള്ള കുട്ടികൾ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം എടപ്പാൾ ജി.എച്ച്.എസ്.എസ് സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിൽ എത്തണം. സ്കേറ്റ് കിറ്റ് കൊണ്ടു വരേണ്ടതില്ല. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ശനി ഞായർ ദിവസങ്ങളിലാണ് പരിശീലനം.

# എം.ബി.എ അഭിമുഖം

**തിരുവനന്തപുരം:** സഹകരണ വകുപ്പിന് കീഴിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ ബാച്ചിലേയ്ക്കുള്ള അഡ്മിഷനായുള്ള അഭിമുഖം ഫെബ്രുവരി 15ന് രാവിലെ 10 മുതൽ കിക്മ കോളേജിൽ നടക്കുമെന്ന് അധികൃതർ അറിയിച്ചു.

50% മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത, അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും, ഫെബ്രുവരിയിൽ കെമാറ്റ് പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കും അഭിമുഖത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 8547618290, 9188001600.

# വയോജന സംഗമം സംഘടിപ്പിച്ചു

**തിരുവനന്തപുരം:**പാറശാല ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുളത്തൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി വയോജന സംഗമം സംഘടിപ്പിച്ചു. വലിയവിള ക്രിസ്തുരാജ പാരിഷ് ഹാളിൽ നടന്ന പരിപാടി നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി ചെയർമാൻ പി.കെ. രാജ്മോഹനൻ ഉദ്ഘാടനം ചെയ്തു.

മുതിർന്ന പൗരന്മാരെ സംരക്ഷിക്കേണ്ട ചുമതല മക്കൾക്കാണെന്ന് കോടതികൾ ഉത്തരവിട്ടു തീർപ്പാക്കേണ്ട കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വയോജന സംരക്ഷണത്തിനായി ഒരുപാട് നിയമങ്ങളുണ്ടെന്നും പാലിയേറ്റീവ് രംഗത്ത് വൻ മാറ്റങ്ങളാണ് സംസ്ഥാനത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ ആയുർദൈർഘ്യം വർധിപ്പിക്കാൻ ആരോഗ്യ മേഖലയിലെ പുരോഗതി സഹായകരമായതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. കെ. ബെൻഡാർവിൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ കുളത്തൂർ പഞ്ചായത്തിലെ വയോമിത്രം യൂണിറ്റുകളിലെ മുതിർന്ന പൗരന്മാരെ ചടങ്ങിൽ ആദരിച്ചു.

പാറശാല ബ്ലോക്ക് പഞ്ചായത്തിലേയും കുളത്തൂർ ഗ്രാമ പഞ്ചായത്തിലേയും ജനപ്രതിനിധികളും വയോജനങ്ങളും ചടങ്ങിൽ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ നേതൃത്വത്തിൽ വയോധികർക്ക് സൗജന്യമായി വൈദ്യപരിശോധന നടത്തി മരുന്നുകൾ നൽകി.

# അസാപ് ഉന്നതി 2025 തൊഴിൽമേള 15ന്

**മലപ്പുറം:** ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി അസാപ് കേരളയുടെ പാണ്ടിക്കാട് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഫെബ്രുവരി 15ന് തൊഴിൽമേള നടക്കും. പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ, ഉന്നതി 2025 എന്ന പേരിൽ നടക്കുന്ന മേള യു.എ ലത്തീഫ് എംഎൽഎ ഉദ്ഘാടനം ചെയ്യും.

എസ്എസ്എൽസി, പ്ലസ് ടു, ഐടിഐ, ഡിപ്ലോമ, ഡിഗ്രി,പിജി യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ സൗജന്യമാണ്. രജിസ്ട്രേഷൻ ലിങ്ക് : http://forms.gle/Knco5qezuBjVsvh78, ഫോൺ: 9495999704,9745645295.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഓപ്പറേഷൻ സൗന്ദര്യ: മായം ചേർത്ത സൗന്ദര്യ വർധക വസ്തുക്കൾ പിടികൂടി

**കൊച്ചി:** ഓപ്പറേഷൻ സൗന്ദര്യയുടെ ഭാഗമായി എറണാകുളത്ത് നടത്തിയ പരിശോധനയിൽ മായം ചേർത്ത സൗന്ദര്യ വർധക വസ്തുക്കൾ കണ്ടെത്തിയതായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് അറിയിച്ചു. എറണാകുളത്തെ മറൈൻ ഡ്രൈവിൽ പ്രവർത്തിക്കുന്ന സൗന്ദര്യ വർധക വസ്തുക്കളുടെ മൊത്തവ്യാപാര സ്ഥാപനത്തിൽ നിന്നുമാണ് മായം ചേർത്ത പെർഫ്യൂം പിടികൂടിയത്. ഇതിൽ മീഥൈൽ ആൽക്കഹോളിന്റെ അളവ് 95 ശതമാനത്തോളം ഉണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മീഥൈൽ ആൽക്കഹോൾ അടങ്ങിരിക്കുന്നത് കൊണ്ട് ഇതുപയോഗിച്ചാൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ പരിശോധനകൾ ശക്തമാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി.

ഗുജറാത്തിലെ അഹമ്മദാബാദ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ 'കരിഷ്മ പെർഫ്യൂം' എന്ന പേരിൽ ഇറക്കിയ പെർഫ്യൂമിലാണ് മീഥൈൽ ആൽക്കഹോൾ അമിത അളവിൽ കണ്ടെത്തിയത്. കേരള പോയിസൺ റൂളിന്റെ ഷെഡ്യൂൾ ഒന്നിൽ വരുന്ന ഒരു വിഷമാണ് മീഥൈൽ ആൽക്കഹോൾ. ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള ഇത്തരം പദാർത്ഥങ്ങളുള്ള സൗന്ദര്യ വർധക വസ്തുക്കൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം മായം ചേർക്കൽ വിഭാഗത്തിലാണ് നിർവചിക്കപ്പെട്ടിരിക്കുന്നത്. പെർഫ്യൂം ആയിട്ടാണ് നിർമ്മിക്കുന്നതെങ്കിലും ആഫ്റ്റർ ഷേവ് ആയിട്ടാണ് ഇത് ഉപയോഗിക്കപ്പെടുന്നത്. അതിനാൽ തന്നെ മൃദുവായ മുഖ ചർമ്മത്തിലൂടെയും മുറിവിലൂടെയും വേഗത്തിൽ ശരീരത്തിലെത്തി ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു.

അഹമ്മദാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ കോസ്മെറ്റിക് ഉത്പന്നത്തിന്റെ ലൈസൻസ് സംബന്ധിച്ച വിശദാംശങ്ങൾ അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കും. മായം ചേർത്ത സൗന്ദര്യ വർധക വസ്തുക്കൾ നിർമ്മിച്ച് വിതരണം നടത്തിയാൽ 3 വർഷം വരെ തടവും 50,000 രൂപയിൽ കുറയാത്ത പിഴയും കിട്ടാവുന്ന കുറ്റമാണ്.

എറണാകുളം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ സന്തോഷ് കെ മാത്യുവിന്റെ ഏകോപനത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരായ നിഷിത് എംസി, ടെസ്സി തോമസ്, നവീൻ കെ ആർ, നിഷ വിൻസെന്റ് എന്നിവരാണ് പരിശോധനയിൽ പങ്കെടുത്തത്.

# 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

## ആകെ 201 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരു ആരോഗ്യ സ്ഥാപനത്തിന് പുതുതായി അംഗീകാരവും രണ്ട് ആരോഗ്യ സ്ഥാപനങ്ങൾക്ക് 3 വർഷത്തിന് ശേഷം പുന:അംഗീകാരവുമാണ് ലഭിച്ചത്. കൊല്ലം ജില്ലയിലെ ആര്യങ്കാവ് കുടുംബാരോഗ്യ കേന്ദ്രം 96.53 ശതമാനം സ്കോർ നേടിയാണ് പുതുതായി അംഗീകാരം നേടിയത്. തൃശൂർ ഗുരുവായൂർ നഗര കുടുംബാരോഗ്യ കേന്ദ്രം 87.08 ശതമാനം സ്കോറും, വയനാട് മുണ്ടേരി കൽപറ്റ നഗര കുടുംബാരോഗ്യ കേന്ദ്രം 95.67 ശതമാനം സ്കോറും നേടിയാണ് പുന:അംഗീകാരം നേടിയെടുത്തത്.

ഇതോടെ സംസ്ഥാനത്തെ 201 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 85 ആശുപത്രികൾ പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ, 136 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 4 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ് അംഗീകാരം നേടി.

എൻ.ക്യു.എ.എസ്. അംഗീകാരത്തിന് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും.

എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് അശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കുന്നു. കൂടുതൽ ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

# ബ്ലൈൻഡ് ഫുട്ബോൾ സൗഹൃദ മത്സരം; ഇന്ത്യൻ വനിതാ ബ്ലൈൻഡ് ഫുട്ബോൾ ടീം ജപ്പാനിലേക്ക്

**കൊച്ചി :** ജപ്പാനിലെ സൈറ്റമായിൽ നടക്കുന്ന നോർമലൈസേഷൻ കപ്പിന് വേണ്ടിയുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. കടവന്ത്ര ഗാമ ഫുട്ബോൾ ഗ്രൗണ്ടിൽ വെച്ച് നടന്ന സെലക്ഷൻ ക്യാമ്പിന് ശേഷമാണ് ഒമ്പതംഗ ടീമിനെ പ്രഖ്യാപിച്ചത്. മലപ്പുറം, വള്ളിക്കുന്ന് സ്വദേശിനിയായ ഗോൾ കീപ്പർ ഇ അപർണ ആണ് കേരളത്തിൽ നിന്നും ഇന്ത്യൻ ടീമിൽ ഇടം നേടിയ ഏക മലയാളി താരം. കഴിഞ്ഞ വർഷം ഇംഗ്ളണ്ടിൽ നടന്ന വനിതകളുടെ ബ്ലൈൻഡ് ഫുട്ബോൾ ലോക ചാമ്പ്യൻഷിപ്പിലും അപർണ ഇന്ത്യക്ക് വേണ്ടി ഗോൾ വല കാത്തിരുന്നു.




ശീതൾ കുമാരി, ഷെഫാലി റാവത് (ഉത്തരാഖണ്ഡ്) നിർമ ബെൻ (ഗുജറാത്ത്) കോമൾ ഗെയ്ക്വാദ്, ഭാഗ്യശ്രീ റുഖി , സ്വാതി മാനേ (മഹാരാഷ്ട്ര) അപർണ ഇ (കേരളം) ശ്രദ്ധ യാദവ് (ഉത്തരാഖണ്ഡ്) എന്നിവരാണ് ടീം അംഗങ്ങൾ

അവസാന ഘട്ട പരിശീലന ക്യാമ്പിന് ശേഷം ഇന്ന് ഇന്ത്യ ടീം ജപ്പാനിലേക്ക് തിരിക്കും. ഫെബ്രുവരി 14, 15, 16 തിയ്യതികളിലാണ് ഇന്ത്യ-ജപ്പാൻ മത്സരം. ലോക റാങ്കിങ്ങിൽ ഒന്നാമതാണ് ജപ്പാൻ, ഇന്ത്യ രണ്ടാമതും. ഈ വർഷം മെയ് മാസത്തിൽ ജപ്പാനിൽ വെച്ച് നടക്കുന്ന വേൾഡ് ഗ്രാൻഡ് പ്രീയിലും ഒക്ടോബറിൽ ഇന്ത്യയിൽ വെച്ച് നടക്കുന്ന വനിതാ വേൾഡ് കപ്പിനും വേണ്ടിയുള്ള മുന്നൊരുക്കം കൂടിയാണ് ഇന്ത്യൻ വനിതാ ടീമിന് ഈ ടൂർണമെന്റ്.

# വന്യജീവി ആക്രമണം: വിമർശനവുമായി മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** ജനവാസ മേഖലയിൽ വന്യജീവികൾ നടത്തുന്ന അതിക്രമങ്ങൾ തടയുന്നതിനായി വനം വകുപ്പ് സ്വീകരിക്കുന്ന പ്രതിരോധ നടപടികളെ കുറിച്ച് ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിക്കാത്ത വനംവകുപ്പ് മേധാവിക്ക് മനുഷ്യാവകാശ കമ്മീഷന്റെ രൂക്ഷവിമർശനം. ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിനു പകരം മൂന്നാർ ഡി.എഫ്.ഒ. നേരിട്ട് ഹാജരായി സമർപ്പിച്ച റിപ്പോർട്ടിൽ കമ്മീഷൻ ആവശ്യപ്പെട്ട വ്യക്തമായ വിശദീകരണങ്ങൾ ലഭ്യമല്ലെന്ന് കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിൽ പറഞ്ഞു. 10 ദിവസത്തിനകം കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ഒപ്പിട്ട് സമർപ്പിക്കണം. ഇല്ലെങ്കിൽ മേൽനടപടിയിലേക്ക് പ്രവേശിക്കുമെന്നും ഉത്തരവിൽ പറയുന്നു. മൂന്നാർ ഡി. എഫ്.ഒ. ഹാജരാക്കിയ റിപ്പോർട്ടിൽ എറണാകുളം ജില്ലയിലുണ്ടായ വന്യജീവി ആക്രമണത്തിന്റെ വ്യക്തമായ കണക്കില്ലെന്നും ഉത്തരവിൽ പറയുന്നു. എറണാകുളം ജില്ലാ കളക്ടർ ഒരുഅഡീഷണൽ റിപ്പോർട്ട് കൂടി മൂന്നാഴ്ചക്കകം സമർപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഡി.എഫ്.ഒ. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനും ജില്ലാ കളക്ടർക്ക് വേണ്ടി സീനിയർ ഉദ്യോഗസ്ഥനും മാർച്ച് 25ന് രാവിലെ 10 ന് എറണാകുളം ഗവ.ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ ഹാജരാകണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു.

# സഹകരണ പെൻഷൻ മസ്റ്ററിംഗ് കോഴിക്കോടും മലപ്പുറത്തും സിറ്റിംഗ് 18 മുതൽ

**കോഴിക്കോട്:** സഹകരണ പെൻഷൻകാരുടെ മസ്റ്ററിംഗ് ബയോമെട്രിക്കിലേക്ക് മാറ്റുന്നതിന് സഹകരണ പെൻഷൻകാരുടെ നിശ്ചിത പ്രൊഫോമ പ്രകാരമുള്ള വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപന അധികാരികളിൽ നിന്ന് സ്വീകരിക്കാനുള്ള പെൻഷൻ ബോർഡിന്റെ കോഴിക്കോട് ജില്ലയിലെ സിറ്റിംഗ് ഫെബ്രുവരി 18ന് ചോറോട് സർവ്വീസ് സഹകരണ ബാങ്ക് ഹാളിലും, 19ന് കേരളബാങ്ക് കോഴിക്കോട് ഹാളിലും, മലപ്പുറം ജില്ലയിലെ സിറ്റിംഗ് ഫെബ്രുവരി 20ന് മലപ്പുറം കേരളബാങ്ക് ഹാളിലും, 21ന് തിരൂർ അർബൻ കോഓപ്പറേറ്റീവ് ബാങ്ക് ഹാളിലും നടക്കും.സഹകരണ പെൻഷൻകാർക്ക് മസ്റ്ററിംഗ് ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ലൈഫ് സർട്ടിഫിക്കറ്റ് ജീവൻരേഖ വഴിയാണ് പ്രൊക്കോമ പ്രകാരം വിവരങ്ങൾ ശേഖരിക്കുന്നത്. പെൻഷൻ ബോർഡ് തയ്യാറാക്കിയ പ്രൊഫോമയോടൊപ്പം ആധാറിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടുത്തിയാണ് രേഖകൾ നൽകേണ്ടത്. പെൻഷൻകാർ സേവനമനുഷ്ഠിച്ചിരുന്ന ബാങ്ക്/സംഘം രേഖകൾ ശേഖരിക്കുകയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ കേരള ബാങ്ക് മാനേജർ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന രേഖകൾ ജില്ലകളിൽ സിറ്റിംഗ് നടക്കുന്ന ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കണമെന്ന് പെൻഷൻ ബോർഡ് അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി അറിയിച്ചു.

# ക്ഷേത്രങ്ങൾ തിരികെ നൽകാൻ നിവേദനം നൽകും: വിഎച്ച്പി

**കൊച്ചി :** സർക്കാരിന്റെ അധീനതയിലുള്ള എല്ലാ ക്ഷേത്രങ്ങളും ഹിന്ദു സമൂഹത്തിനു തിരികെ നൽകണമെന്നാവശ്യപ്പെട്ടു രാജ്യത്തെ എല്ലാ മുഖ്യമന്ത്രിമാർക്കും നിവേദനം നൽകാൻ പ്രയാഗ്രാജിൽ നടക്കുന്ന വിഎച്ച്പി രാജ്യാന്തര സമ്മേളനം തീരുമാനിച്ചതായി രാജ്യാന്തര പ്രസിഡന്റ് ആലോക് കുമാർ അറിയിച്ചു. ക്ഷേത്രവിമോചന പ്രക്ഷോഭത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലും ഹൈന്ദവ പണ്ഡിതരുടെയും സന്യാസിമാരുടെയും നേതൃത്വത്തിൽ വിപുലമായ യോഗങ്ങൾ സംഘടിപ്പിക്കും.

# പരിഭാഷ ശിൽപശാല ഫെബ്രുവരി 20, 21 തീയതികളിൽ

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പരിഭാഷ ഏജൻസിയായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഫെബ്രുവരി 20, 21 തീയതികളിൽ തിരുവനന്തപുരം ഭാരത് ഭവനിൽ പരിഭാഷ ശിൽപശാല സംഘടിപ്പിക്കുന്നു. പരിഭാഷയിൽ മുൻപരിചയമുള്ളവർക്കും ഇംഗ്ലീഷ്, ഹിന്ദി, കന്നഡ, തമിഴ്, സംസ്കൃതം, അറബിക് ഭാഷകളിൽ ഏതിലെങ്കിലും പ്രാവീണ്യമുള്ളവർക്കും പങ്കെടുക്കാം. താല്പര്യമുള്ളവർ ഫെബ്രുവരി 17 ന് മുമ്പ് https://forms.gle/3e5oRQRc7Ku-jvHF16 എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി അപേക്ഷിക്കണം. ശിൽപശാലയിൽ പങ്കെടുക്കുന്നവരെയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിഭാഷാ പാനലിൽ ഉൾപ്പെടുത്തുന്നത്. ഫോൺ: 9496225794, 9447711458, 9747297666, 9995614097.

# വിവരാവകാശ നിയമ പ്രകാരം വിവരം നൽകാത്തവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും: അഡ്വ. ടി.കെ. രാമകൃഷ്ണൻ

**കൊച്ചി:** വിവരാവകാശ നിയമപ്രകാരം ലഭ്യമായ അപേക്ഷകളിൽ വിവരം നൽകാത്തവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് വിവരാവകാശ കമ്മീഷണർ അഡ്വ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞു. സംസ്ഥാന വിവരാവകാശ കമ്മീഷൻ ജില്ലകളിൽ നടത്തുന്ന അദാലത്തിന്റെ ഭാഗമായി നടന്ന സിറ്റിംഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവരാവകാശ നിയമം ദുരുപയോഗം ചെയ്യാൻ അനുവദിക്കില്ല. അറിയാനുള്ള അവകാശം എന്നാൽ ജീവിക്കാനുള്ള അവകാശം കൂടിയാണ്. വിവരാവകാശ നിയമപ്രകാരം ഓഫീസുകളിൽ സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിച്ചില്ലെങ്കിൽ ശക്തമായ നടപടി സ്വീകരിക്കും. വിവരാവകാശ കമ്മീഷൻ സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തും. ലഭ്യമായ അപേക്ഷകളിൽ പെട്ടെന്ന് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

# പ്രിസം പദ്ധതിയിൽ കണ്ടന്റ് എഡിറ്റർ പാനലിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പദ്ധതിയിൽ കണ്ടന്റ് എഡിറ്റർ പാനലിലേക്ക് അപേക്ഷിക്കാം. പരമാവധി ഒരു വർഷ കാലയളവിലേക്കാണ് പാനൽ രൂപീകരിക്കുന്നത്. വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായുള്ള വീഡിയോകൾ എഡിറ്റ് ചെയ്ത് നൽകുക, സോഷ്യൽ മീഡിയ പ്രചാരണത്തിന് ആവശ്യമായ വീഡിയോകളും ഷോട്സും എഡിറ്റ് ചെയ്യുക, പ്രിസം അംഗങ്ങൾ തയ്യാറാക്കുന്ന വികസന വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, മറ്റു കണ്ടന്റുകൾ എന്നിവയുടെ ആർക്കൈവിംഗ് തുടങ്ങിയവയാണ് ചുമതലകൾ.യോഗ്യത പ്ലസ് ടുവും വീഡിയോ എഡിറ്റിങ്ങിൽ ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സ്. പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന. പ്രായപരിധി 35 വയസ്. അപേക്ഷകൾ ബയോഡേറ്റയും ബന്ധപ്പെട്ട യോഗ്യതാ സർട്ടിഫിക്കറ്റുകളും സഹിതം cvcontenteditor@gmail.com എന്ന ഇമെയിലിൽ ഫെബ്രുവരി 22 നകം ലഭിക്കണം.




പീഡിയാട്രിക് എൻഡോസ്കോപ്പിക് സർജൻമാരുടെ 20-ാമത് ദേശീയ സമ്മേളനം ' പെസിക്കൺ 2025 ' എറണാകുളം അമൃത ആശുപത്രിയിൽ ഫെബ്രുവരി 14 മുതൽ 16 വരെ നടക്കുമെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ.മോഹൻ അബ്രാഹം, ഓർഗനൈസിംഗ് വൈസ് ചെയർമാൻ ഡോ. നവീൻ വിശ്വനാഥൻ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. അശ്വിൻ പ്രഭാകരൻ എന്നിവർ എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിക്കുന്നു.

# പെസിക്കൺ 2025 നാളെ തുടങ്ങും

**കൊച്ചി :** പീഡിയാട്രിക് എൻഡോസ്കോപ്പിക് സർജൻമാരുടെ 20-ാമത് ദേശീയ സമ്മേളനം ' പെസിക്കൺ 2025 ' നാളെ (14.02.2025) മുതൽ 16 വരെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നടക്കുമെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ.മോഹൻ അബ്രാഹം, ഓർഗനൈസിംഗ് വൈസ് ചെയർമാൻ ഡോ. നവീൻ വിശ്വനാഥൻ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. അശ്വിൻ പ്രഭാകരൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പെസിക്കൺ 2025 ന്റെ ഉദ്ഘാടനം നാളെ(14.02.2025) രാവിലെ 10-ന് അമൃത സർവകലാശാലയിലെ പ്രൊവോസ്റ്റും അമൃത ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടറുമായ ഡോ. പ്രേം നായർ നിർവ്വഹിക്കും. കുട്ടികളിലെയും ഗർഭസ്ഥ ശിശുക്കളിലെയും താക്കോൽ ദ്വാര ശസ്ത്രക്രിയകൾ സംബന്ധിച്ചും, ലാപ്രോസ്കോപ്പി റോബോട്ടിക്, എൻഡോസ്കോപ്പി എന്നിവയുടെ അത്യാധുനിക സാങ്കേതിക വിദ്യകളും പഠനങ്ങളും സമ്മേളനത്തിൽ ചർച്ചചെയ്യും. യു.എസ്.എ. യുകെ. പോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ താക്കോൽ ദ്വാര ശസ്ത്രക്രിയയിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ അവതരിപ്പിക്കും. ഇന്ത്യൻ പീഡിയാട്രിക് സർജൻമാരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കാനും കൂടുതൽ താക്കോൽദ്വാര ശസ്ത്രക്രിയകൾ നടത്താൻ അവരെ പ്രാപ്തരാക്കാനും ലക്ഷ്യമിടുന്നതാണ് സമ്മേളനം. സാധാരണ ശസ്ത്രക്രിയകളെക്കാൾ ശസ്ത്രക്രിയാനന്തര അണുബാധകളുടെ സാധ്യത കുറയ്ക്കാനും കുട്ടികൾക്ക് ഏറ്റവും വേഗത്തിൽ രോഗവിമുക്തി നേടാൻ സാധിക്കുന്നതുമാണ് താക്കോൽ ദ്വാര ശസ്ത്രക്രിയകൾ.




# ഗാലക്സി എംപവേഡ് ; കമ്മ്യൂണിറ്റിലെഡ് പ്രോഗ്രാമുമായി സാംസങ്

**ന്യൂഡൽഹി:** അധ്യാപകരെയും പ്രിൻസിപ്പൽമാരെയും ഭരണകർത്താക്കളെയും ശാക്തീകരിക്കുക ലക്ഷ്യമിട്ട് സാംസങ് സാമൂഹിക നേതൃത്വ പരിപാടിയായ ഗാലക്സി എംപവേഡ് എന്ന പേരിൽ പദ്ധതിക്ക് രൂപം നൽകി.

വിദ്യാഭ്യാസ മേഖലയിൽ നൂതന സംസ്കാരം വളർത്തിയെടുക്കാനും സാങ്കേതികവിദ്യയെ അധ്യാപന രീതികളുമായി സംയോജിപ്പിച്ച് സർഗാത്മകത പ്രചോദിപ്പിക്കാനും ലക്ഷ്യമിടുന്നതാണ് പദ്ധതി. ഓൺഗ്രൗണ്ട്, ഓൺലൈൻ പഠന പരിപാടികളിലൂടെ ഇത് നാളത്തെ ക്ലാസ് മുറികൾക്കായി അധ്യാപകരെ സജ്ജരാക്കും. ഏറ്റവും പുതിയ സാങ്കേതികവിദ്യയും ആധുനിക അധ്യാപനരീതികളും സ്വീകരിക്കാൻ അധ്യാപകരെ സഹായിക്കുന്ന ഭാവിയിലേക്കുതകുന്ന ക്ലാസ് മുറികൾ സൃഷ്ടിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിനുള്ള സാംസങിന്റെ പ്രതിജ്ഞാബദ്ധത വ്യക്തമാക്കുന്നതാണ് ഈ പരിപാടിയെന്ന് സാംസങ് ഇന്ത്യയുടെ എംഎക്സ് ബിസിനസ് സീനിയർ വൈസ് പ്രസിഡന്റ് രാജു പുല്ലൻ പറഞ്ഞു. അധ്യാപകർക്ക് പ്രയോജനം ചെയ്യുക മാത്രമല്ല, വിദ്യാഭ്യാസ നവീകരണത്തിൽ മുൻപന്തിയിൽ നിൽക്കാൻ സ്കൂളുകളെ സഹായിക്കാനും പര്യാപ്തമാണ് ഗാലക്സി എംപവേഡ്. അധ്യാപന രീതികൾ മെച്ചപ്പെടുത്തുന്നതിലൂടെയും സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെയും സ്കൂളുകൾക്ക് പ്രസക്തി നിലനിർത്താനും സമൂഹത്തിൽ അംഗീകാരം നേടാനും കഴിയും. തികച്ചും സൗജന്യമായാണ് ഗാലക്സി എംപവേഡ് പ്രോഗ്രാം സാംസങ് അധ്യാപകർക്കും സ്കൂളുകൾക്കും ലഭ്യമാക്കുന്നത്.വിദ്യാർത്ഥികളുടെ പ്രവർത്തനപങ്കാളിത്തം വർധിപ്പിക്കുന്നതിനും അവരിൽ എന്നെന്നും നിലനിൽക്കുന്ന സ്വാധീനമാകുന്നതിനുമുള്ള ഉപാധികളാണ് ഗാലക്സി എംപവേഡിലൂടെ സാംസങ് നൽകുന്നതെന്നും രാജു പുല്ലൻ പറഞ്ഞു. ഗാലക്സി എംപവേഡിന് കീഴിൽ 2024 ഡിസംബർ മുതൽ 2,700ലധികം അധ്യാപകർക്ക് തത്സമയ പരിശീലന സെഷനുകൾ വഴി ഇന്ത്യയിലുടനീളം സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. 2025നകം രാജ്യത്തെ 20,000 അധ്യാപകരെ ശാക്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഡൽഹി ഘട്ടത്തിൽ 250 സ്കൂളുകളിൽ സാംസങ് ഈ പരിപാടി വിജയകരമായി പൂർത്തീകരിച്ചു. ആദ്യഘട്ടത്തിൽ മഹാത്ത്വ എജ്യുക്കേഷനൽ അഡ്വൈസറി, സ്റ്റാർ എന്നിവയുമായി പങ്കാളിത്തത്തിനു പുറമെ, അധ്യാപകരെ സഹായിക്കാൻ പ്രത്യേക പരിശീലകരെയും അക്കാദമിക് വിദഗ്ധരെയും സാംസങ് നിയമിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ബജാജ് ഫിൻസെർവ് മൾട്ടി ക്യാപ് ഫണ്ട് 20ന് അവസാനിക്കുന്നു

**മുംബൈ:** ബജാജ് ഫിൻസെർവ് എഎംസി ലാർജ് ക്യാപ്, മിഡ് ക്യാപ്, സ്മോൾ ക്യാപ് ഓഹരികളിൽ നിക്ഷേപം നടത്തുന്ന ഓപ്പൺഎൻഡ് ഇക്വിറ്റി സ്കീമായ ബജാജ് ഫിൻസെർവ് മൾട്ടി ക്യാപ് ഫണ്ട് സബ്സ്ക്രിപ്ഷൻ 20ന് അവസാനിക്കും.

വൻകിട, ഇടത്തരം, ചെറുകിട കമ്പനികളിൽ സന്തുലിതമായി നിക്ഷേപം നടത്തി മറ്റുള്ളവർ നഷ്ടപ്പെടുത്തുന്ന അവസരങ്ങൾ തിരിച്ചറിയുന്നതിലൂടെ മികച്ച ദീർഘകാല വരുമാനം കൈവരിക്കുക എന്നതാണ് മൾട്ടി ക്യാപ് ഫണ്ട് ലക്ഷ്യമിടുന്നത്. കുറഞ്ഞ അപേക്ഷാ തുക 500 ആണ്. അലോട്ടുമെന്റ് തീയതി മുതൽ ആറ് മാസത്തിനുള്ളിൽ റിഡീം ചെയ്യുകയോ സ്വിച്ച് ഔട്ട് ചെയ്യുകയോ ചെയ്താൽ ശേഷിക്കുന്ന 90% ന് 1% എക്സിറ്റ് ലോഡ് ബാധകമാണ്.




# ഓഡി വാഹന വിലയിൽ ജൂൺ ഒന്ന് മുതൽ മാറ്റം

**കൊച്ചി:** ജൂൺ ഒന്ന് മുതൽ വാഹന വില രണ്ടു ശതമാനം വരെ വർധിപ്പിക്കാൻ ഒരുങ്ങി ജർമൻ ആഡംബര കാർ നിർമാതാക്കളായ ഔഡി. ഉത്പാദന, ഗതാഗത ചെലവുകളിൽ വന്ന വർദ്ധനയാണ് വാഹന വില കൂട്ടാൻ കാരണം.

ഉയരുന്ന ഉത്പാദന ചെലവുകളും ഗതാഗത ചെലവുകളും കാരണം വാഹന വില രണ്ടു ശതമാനം വരെ കൂട്ടാൻ നിർബന്ധിതരാക്കിയിരിക്കുന്നയാണ്. കമ്പനിയുടെയും ഡീലർമാരുടെയും സുസ്ഥിരമായ വളർച്ചയ്ക്ക് വില വർധന അനിവാര്യമാണ് എപ്പോഴത്തെയും പോലെ ഉപഭോക്താക്കളിൽ ഉണ്ടാകുന്ന ആഘാതം കഴിയുന്നത്ര കുറച്ച് കൊണ്ടാണ് ഈ വില വർധനയെന്ന് ഔഡി ഇന്ത്യാ മേധാവി ബൽബീർ സിങ് ധില്ലൻ പറഞ്ഞു.

2023-24 സാമ്പത്തിക വർഷം ഔഡി ഇന്ത്യ 7,027 യൂണിറ്റുകൾ വിറ്റ് മൊത്തവളർച്ച 33 ശതമാനം രേഖപ്പെടുത്തി. ഓഡിയുടെ യൂസ്ഡ് കാർ ബ്രാൻഡ് ആയ ഓഡി അപ്രൂവ്ഡ്:പ്ലസ് സാമ്പത്തിക വർഷം 50 ശതമാനം വളർച്ച നേടി.

ഓഡി ഇന്ത്യ വാഹന നിര: ഓഡി എ 4, ഓഡി എ 6, ഓഡി എ 8 എൽ, ഓഡി ക്യു 3, ഓഡി ക്യു 3സ്പോർട്ട്ബാക്ക്, ഓഡി ക്യു 5, ഓഡി ക്യു 7, ഓഡി ക്യു8, ഓഡി എസ് 5 സ്പോർട്ട്ബാക്ക്, ഓഡി ആർ എസ് 5 സ്പോർട്ട്ബാക്ക്,

ഓഡി ആർ എസ് ക്യു8, ഓഡി ക്യു8 50 ഇട്രോൺ, ഓഡി ക്യു8 55 ഇട്രോൺ, ഓഡി ക്യു8 സ്പോർട്ട്ബാക്ക് 50 ഇട്രോൺ, ഓഡി ക്യു8 സ്പോർട്ട്ബാക്ക് 55 ഇട്രോൺ, ഓഡി ഇട്രോൺ ജി ടി, ഓഡി ആർഎസ് ഇട്രോൺ ജിടി.

# നീൽകമൽ സ്ലീപ്പ് ബ്രാൻഡ് അംബാസഡറായി രൺബീർ കപൂർ




**ന്യൂഡൽഹി:** നീൽകമൽ സ്ലീപ്പ്, ബോളിവുഡ് നടൻ രൺബീർ കപൂറിനെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ഈ അസ്സോസിയേഷൻ ആവേശകരമായ ഒരു യാത്രയുടെ തുടക്കം കുറിക്കുന്നു.

30 വർഷത്തിലേറെ നീണ്ടുനിൽക്കുന്ന സമ്പന്നമായ പാരമ്പര്യമുള്ള ഇന്ത്യയിലെ മുൻനിര ഫർണിച്ചർ കമ്പനികളിലൊന്നായി നീൽകമൽ മാറി. രൺബീർ കപൂറുമായുള്ള ഈ കൂട്ടുകെട്ട്, ഉപഭോക്താക്കൾക്ക്, പ്രത്യേകിച്ച് പുതിയ കാലത്തെ പ്രേക്ഷകർക്കിടയിൽ, ഉറക്ക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചിന്താപൂർവ്വം രൂപകൽപ്പന ചെയ്ത നീൽകമൽ സ്ലീപ്പിനെ ഉയർത്തുന്നതിൽ നിർണായക പങ്ക് വഹിക്കും.

മെത്തകൾ, കിടക്കകൾ, തലയിണകൾ, ആക്സസറികൾ എന്നിങ്ങനെയുള്ള സ്ലീപ്പ് സൊല്യൂഷനുകൾക്കായി വിപുലമായ ശ്രേണിയിലുള്ള ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ഓരോ ഉപഭോക്താവിൻറെയും ഉറക്ക ശീലങ്ങൾ സാക്ഷാത്കരിക്കുക എന്നതാണ് നീൽകമൽ സ്ലീപ്പ് ലക്ഷ്യമിടുന്നത്.




# അതി നൂതന സ്റ്റെബിലൈസർ ടെക്നോളജിയുമായി എൽജി

**കൊച്ചി:** നൂതന കംപ്രസ്ഡ് എയർ സ്റ്റബിലൈസേഷൻ ടെക്നോളജി അവതരിപ്പിച്ച് മുൻനിര എയർ കംപ്രസർ നിർമാതാക്കളായ എൽജി എക്യുപ്മെന്റ്സ. കാര്യക്ഷമതയില്ലായ്മ, അടിക്കടിയുണ്ടാകുന്ന ലോഡ്, അൺലോഡ് സൈക്കിളുകളാൽ സംഭവിക്കുന്ന അമിത തേയ്മാനം എന്നിങ്ങനെ കംപ്രസറിന്റെ സ്ഥായിയല്ലാത്ത പ്രകടനത്തിന് കാരണമാകുന്ന പ്രതിസന്ധികളെ അഭിമുഖീകരിക്കുക എന്നതാണ് സ്റ്റബിലൈസർ സിസ്റ്റം ലക്ഷ്യമിടുന്നതെന്ന് എൽജി എക്യുപ്മെന്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. ജയ്റാം വരദരാജ് പറഞ്ഞു. പ്ലാന്റുകളിൽ കംപ്രസറുകൾ പ്രവർത്തിക്കുന്ന രീതിയിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കുന്ന രീതിയിലാണ് ഇതിന്റെ രൂപകൽപ്പന.

റീസർക്കുലേറ്റ് ആന്റ് റിക്കവർ എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റബിലൈസർ സിസ്റ്റം തയ്യാറാക്കിയിരിക്കുന്നത്. നിയന്ത്രിത റീസർക്കുലേഷൻ, റിക്കവറി ടെക്നിക്കുകളിലൂടെ പ്ലാന്റിന്റെ എയർ ഡിമാന്റിനൊപ്പം കംപ്രസറിന്റെ ശേഷി അനുയോജ്യമാം വിന്യസിക്കുകയാണ് ഇവിടെ ചെയ്യുന്നത്. വായു സഞ്ചാരത്തിന് സ്ഥിര നൽകിക്കൊണ്ട് ലോഡ്, അൺലോഡ് സൈക്കിളുകൾ സ്റ്റെബിലൈസർ സിസ്റ്റം ഏറ്റവും കുറഞ്ഞ തോതിലേക്ക് എത്തിക്കും. ഇതിലൂടെ ഉപകരണങ്ങൾക്ക് ദീർഘമായ ജീവിതകാലയളവ്, മിതമായ ഊർജ ഉപഭോഗം, 15%ത്തോളം ഊർജലാഭം തുടങ്ങിയ നേട്ടങ്ങൾ ഇതിലൂടെ ഉറപ്പാക്കുന്നു. ഊർജ സംരക്ഷണത്തിന് അനുയോജ്യമായതും തേയ്മാനം കുറഞ്ഞതുമായ രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ സ്റ്റെബിലൈസർ ഗ്ലോബൽ സസ്റ്റയിനബിലിറ്റി ലക്ഷ്യങ്ങളുമായി ചേർന്നുപോകുന്നവയാണ്. പരിസ്ഥിതിക്ക് അനുയോജ്യമായതും ചിലവ് ചുരുങ്ങിയതുമായ നിർമാണ പ്രവർത്തനങ്ങളിലേക്കുള്ള മാറ്റമാണ് വ്യവസായ പ്ലാന്റുകളിൽ ഇവ സജ്ജീകരിക്കുന്നതിലൂടെ ഉണ്ടാവുകയെന്നും ഡോ. ജയ്റാം വരദരാജ് പറഞ്ഞു.

# എക്സ്ക്ലൂസീവ് ഫാസ്റ്റ് ചാനലുകളുമായി സാംസങ് ടിവി പ്ലസ് ഇന്ത്യ

**കൊച്ചി:** സാംസങിന്റെ ഫ്രീ അഡ് സപ്പോർട്ടഡ് സ്ട്രീമിങ് ടിവി (ഫാസ്റ്റ്) സേവനമായ സാംസങ് ടിവി പ്ലസ്, വാർണർ ബ്രദേഴ്സുമായി സഹകരിച്ച് അഞ്ച് പുതിയ ഫാസ്റ്റ് ചാനലുകൾ അവതരിപ്പിക്കുന്നു.




സ്ട്രീമിങ് പ്രേക്ഷകർക്ക് പ്രീമിയം സ്റ്റോറി ടെല്ലിങിലൂടെ ഉന്നത നിലവാരത്തിൽ സൗജന്യമായ വിനോദ വിഭവങ്ങളാണ് ഇതിൽ ലഭ്യമാകുന്നതെന്ന് സാംസങ് ടിവി പ്ലസ് ഇന്ത്യയുടെ പങ്കാളിത്ത, ബിസിനസ് വികസന വിഭാഗം മേധാവി കുനാൽ മേത്ത പറഞ്ഞു.ഹിന്ദി പ്രോഗ്രാമുകളിൽ കേന്ദ്രീകരിച്ച് നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും പ്രേക്ഷകരെ ഒരുപോലെ ഈ പുതിയ ഫാസ്റ്റ് ചാനലുകൾ ലക്ഷ്യമിടുന്നു. വാർത്ത, സ്പോർട്സ്, വിനോദം എന്നിവ ഉൾപ്പെടെ വൈവിധ്യമാർന്ന ചാനലുകൾ വാഗ്ദാനം ചെയ്യുന്ന സാംസങ് സ്മാർട്ട് ടിവികളിൽ മുൻകൂട്ടി ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന സൗജന്യ സ്ട്രീമിംഗ് സേവനമാണ് സാംസങ് ടിവി പ്ലസ്.

ഫ്രീ അഡ് സപ്പോർട്ടഡ് സ്ട്രീമിങ് ടിവി രംഗത്തെ മുൻനിരക്കാരെന്ന നിലയിൽ പ്രേക്ഷകരിലേക്ക് മികച്ച ഉള്ളടക്കം എത്തിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഈ പങ്കാളിത്തം പ്രേക്ഷകർക്ക് കൂടുതൽ മൂല്യവത്തായ വിഭവങ്ങളും പരസ്യദാതാക്കൾക്ക് അവസരങ്ങളും നൽകുന്നുവെന്നും കുനാൽ മേത്ത പറഞ്ഞു. പ്രേക്ഷകർക്കായി വൈവിധ്യമാർന്നതും ഉയർന്ന നിലവാരമുള്ളതുമായ വിനോദ പരിപാടികൾ തയാറാക്കുന്നതിൽ തങ്ങൾക്ക് താൽപ്പര്യമുണ്ടെന്ന് വാർണർ ബ്രദേഴ്സ്. ഡിസ്കവറി, സൗത്ത് ഏഷ്യ ഡിസ്ട്രിബ്യൂഷൻ വിഭാഗം മേധാവി റുചിർ ജെയിൻ പറഞ്ഞു.

# മുത്തൂറ്റ് ഫിനാൻസിന് 3908 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ ഒൻപതു മാസങ്ങളിലെ പ്രവർത്തന ഫലങ്ങൾ വ്യക്തമാക്കുന്നത് പ്രകരാം മുത്തൂറ്റ് ഫിനാൻസ് കൈകാര്യം ചെയ്യുന്ന ആകെ വായ്പാ ആസ്തികൾ വാർഷികാടിസ്ഥാനത്തിൽ 34 ശതമാനം വർധനവോടെ 1,11,308 കോടി രൂപയിലെത്തിയതായി ചൂണ്ടിക്കാണിക്കപ്പെടുന്നു . മൂന്നാം ത്രൈമാസത്തിലെ സംയോജിത വായ്പാ ആസ്തികൾ ത്രൈമാസാടിസ്ഥാനത്തിൽ ഏഴു ശതമാനം വർധനവോടെ 7159 കോടി രൂപയിലും എത്തിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ ആദ്യ ഒൻപതു മാസങ്ങളിലെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 19 ശതമാനം വർധനവോടെ 3908 കോടി രൂപയിലും എത്തിയിട്ടുണ്ട്. മൂന്നാം ത്രൈമാസത്തിലെ അറ്റാദായ വാർഷികാടിസ്ഥാനത്തിൽ 21 ശതമാനം വർധനവോടെ 1392 കോടി രൂപയിലും എത്തി.ത്രൈമാസാടിസ്ഥനത്തിൽ തങ്ങളുടെ വളർച്ചാ ആവേഗം തുടരുന്നതു ചൂണ്ടിക്കാട്ടുന്നതിൽ അഭിമാനമുണ്ടെന്ന് മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ്ജ് ജേക്കബ്ബ് മുത്തൂറ്റ് പറഞ്ഞു.




സംയോജിത വായ്പാ ആസ്തികൾ 1,11,000 എന്ന മറ്റൊരു നാഴികക്കല്ലു പിന്നിട്ടിരിക്കുകയാണ്. ഇതോടൊപ്പം മുത്തൂറ്റ് ഫിനാൻസ് മാത്രം കൈകാര്യം ചെയ്യുന്ന വായ്പാ ആ്തികൾ 97,000 കോടി രൂപയും മറി കടന്നു. സബ്സിഡിയറികളുടെ സംഭാവന 14 ശതമാനമാണ്. 2025 സാമ്പത്തിക വർഷത്തിൻറെ ആദ്യ ഒൻപതു മാസങ്ങളിലെ സംയോജിത അറ്റാദായം 19 ശതമാനം വർധിച്ച് 3908 കോടി രൂപയിലും എത്തിയിട്ടുണ്ട്. കേന്ദ്ര ബജറ്റിലെ ക്രിയാത്മക നികുതി പരിഷ്ക്കരണ പ്രഖ്യാപനങ്ങൾ മൂലം ഉപഭോഗത്തിൻറേതായ ഒരു ഘട്ടത്തിനു തുടക്കം കുറിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണ ലഭ്യത വർധിപ്പിക്കാനുള്ള റിസർവ് ബാങ്കിൻറെ ശ്രദ്ധയും അഞ്ചു വർഷത്തിലാദ്യമായി അടിസ്ഥാന പലിശ നിരക്കുകൾ കുറക്കാൻ തീരുമാനിച്ചതും ശുഭപ്രതീക്ഷകളാണു നൽകുന്നത്. വൈവിധ്യമാർന്ന സാമ്പത്തിക സേവന ദാതാവെന്ന നിലയിൽ തങ്ങൾ പുതിയ പദ്ധതികൾ വികസിപ്പിക്കുകയാണന്നും ബിസിനസ് വായ്പകൾ, എസ്എംഇ വായ്പകൾ, വസ്തുവിൻറെ ഈടിലെ വായ്പകൾ, പേഴ്സണൽ ലോണുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടും. സ്വർണ പണയത്തിനു പുറമെയുള്ള മേഖലകളിലേക്കു തങ്ങൾ വളരുമ്പോൾ സബ്സിഡിയറികളുടെ സംഭാവനകൾ വർധിക്കുമെന്നും അവരുടെ പങ്ക് അടുത്ത അഞ്ചു വർഷങ്ങളിൽ 1820 ശതമാനത്തിലേക്ക് എത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# മേക്ക് ഇൻ ഇന്ത്യ ഇന്ത്യയെ ശക്തികേന്ദ്രമാക്കി മാറ്റി: സുൽത്താൻ അഹമ്മദ് ബിൻ സുലായം

**കൊച്ചി:** ഇന്ത്യയെ ആഗോള ഉൽപ്പാദനവ്യാപാര ശക്തികേന്ദ്രമാക്കി മാറ്റുന്നതിൽ ഇന്ത്യയുടെ മെയ്ക്ക് ഇൻ ഇന്ത്യ സംരംഭം നിർണ്ണായകമായി മാറിയെന്ന് ഡിപി വേൾഡ് ഗ്രൂപ്പ് ചെയർമാനും സിഇഒയുമായ എച്ച്.ഇ. സുൽത്താൻ അഹമ്മദ് ബിൻ സുലായം പറഞ്ഞു. സ്വിറ്റ്സർലണ്ടിൽ ഇന്ത്യാ ഇക്കണോമിക്ക് ബ്ലൂപ്രിന്റ് എന്ന വിഷയത്തിലുള്ള പാനൽ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം, കയറ്റുമതി വർദ്ധന, പുതിയ വ്യാപാര കരാറുകൾ എന്നിവ ഇതിന് ആക്കം കൂട്ടുന്നതാണ്. ആഗോള വിപണികൾക്ക് വേണ്ടിയുള്ള ഉൽപ്പാദനത്തിനും അനുയോജ്യമായ സ്ഥലമാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു.

ഉപഭോക്തൃ വിപണിക്ക് വേണ്ടിയുള്ള നിർമ്മാണത്തിന്റെ കാര്യത്തിൽ ഇന്ത്യയേക്കാൾ മികച്ച മറ്റൊരു സ്ഥലമില്ല. പ്രധാനമന്ത്രി മോദിയുടെ ലോകത്തിനു വേണ്ടിയുള്ള 'മെയ്ക്ക് ഇൻ ഇന്ത്യ' എന്ന സംരംഭം മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. രാജ്യത്തിന്റെ റോഡുകളും റെയിൽവേയും വികസിക്കുകയും ശേഷിയിലും കാര്യക്ഷമതയിലും വർദ്ധനവിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. പുതിയ വിപണികൾ കണ്ടെത്തുമ്പോൾ, ഇന്ത്യയുടെ വ്യാപാര ചലനശക്തി നിലനിർത്തുന്നതിൽ വ്യവസായ പാർക്കുകളും തുറമുഖങ്ങൾക്ക് സമീപമുള്ള സ്വതന്ത്ര വ്യാപാര മേഖലകളും നിർണായക പങ്ക് വഹിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.2024 ഏപ്രിൽ മുതൽ നവംബർ വരെയുള്ള ചരക്ക് കയറ്റുമതി 284.31 ബില്യൺ യുഎസ് ഡോളറിലെത്തി എന്നത് ഒരു ആഗോള വ്യാപാര കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ വളർച്ചയെ പ്രതിഫലിക്കുന്നു. 2023ലെ ഇക്കാലയളവിൽ ഇത് 278.26 ബില്യൺ ഡോളറായിരുന്നു. യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷനുമായും യുഎഇയുമായുള്ള ഉഭയകക്ഷി വ്യാപാരം ഗണ്യമായി ഉയർത്തുന്ന സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറും ഉൾപ്പെടെ 14 സ്വതന്ത്ര വ്യാപാര കരാറുകളിൽ (എഫ് ടി എ) രാജ്യം ഒപ്പുവച്ചു.

ഇന്ത്യയെ വലിയ തന്ത്രപ്രധാനമായ പ്രാധാന്യത്തോടെയാണ് 'ഡിപി വേൾഡ് കാണുന്നത്. ആഭ്യന്തരവും ആഗോളവുമായ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനായി തങ്ങൾ രാജ്യത്തിന്റെ ലോജിസ്റ്റിക്സ് ഇക്കോസിസ്റ്റത്തിൽ 2.5 ബില്യൺ യുഎസ് ഡോളറിലധികം നിക്ഷേപിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള ശക്തമായ സാന്നിധ്യമുള്ളതിനാൽ, ആഫ്രിക്കയിലും അതിനപ്പുറവുള്ള പുതിയ വിപണികളിലേക്ക് ഇന്ത്യൻ ബിസിനസുകൾക്ക് തടസ്സമില്ലാത്ത പ്രവേശനം നൽകുന്നതിന് തങ്ങളുടെ ആഗോള വൈദഗ്ധ്യവും കഴിവുകളും പ്രയോജനപ്പെടുത്തുമെന്നും സുൽത്താൻ അഹമ്മദ് ബിൻ സുലായം കൂട്ടിച്ചേർത്തു.1997 മുതൽ ഡിപി വേൾഡ് ഇന്ത്യയുടെ വ്യാപാര, ലോജിസ്റ്റിക് ഭൂചിത്രത്തിലെ ഒരു പ്രധാന പങ്കാളിയാണ്. ഇന്നത് ഇന്ത്യയുടെ 6 ദശലക്ഷം ടിഇയു ശേഷിയുള്ള എക്സിം കണ്ടെയ്നർ വ്യാപാരത്തിന്റെ 25% കൈകാര്യം ചെയ്തുകൊണ്ട് 5 സ്റ്റേറ്റ്ഓഫ്ദി ആർട്ട് കണ്ടെയ്നറുകൾ പ്രവർത്തിപ്പിക്കുന്നു. 4.2 ദശലക്ഷം ചതുരശ്ര അടി വെയർഹൗസിംഗ് സ്ഥലവും കൂടാതെ മൂന്ന് സ്വതന്ത്ര വ്യാപാര മേഖലകളും കമ്പനി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഏറ്റവും വലിയ റെയിൽ ചരക്ക് ഓപ്പറേറ്റർമാരിൽ ഒന്നായ ഇവർ, 50 എക്സിംലധികവും ആഭ്യന്തര റൂട്ടുകളിലും കണ്ടെയ്നർ ട്രെയിൻ സർവീസുകളും നടത്തുന്നു.16,000ത്തിലധികം കണ്ടെയ്നറുകൾ ഉടമസ്ഥതയിലുമുണ്ട്.

# പുതിയ ബ്രാൻഡ് കാമ്പയിന് തുടക്കം കുറിച്ച് ടാറ്റ എഐജി

**കൊച്ചി:** ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് കമ്പനി പുതിയ ബ്രാൻഡ് കാമ്പയിൻ ആരംഭിച്ചു. ഓരോ കുടുംബത്തിലും നിലനിൽക്കുന്ന സ്നേഹത്തിൻറെയും കരുതലിന്റെയും ശാന്തവും അചഞ്ചലമായ സാന്നിധ്യം വ്യക്തമാക്കുന്നതാണ് 'വിത്ത് യു ലൈക്ക് ഫാമിലി, വിത്ത് യു ഓൾവേസ്' എന്ന പേരിലുള്ള കാമ്പയിൻ എന്ന് ടാറ്റ എഐജി സീനിയർ വൈസ് പ്രസിഡൻറും മാർക്കറ്റിംഗ് മേധാവിയുമായ ശേഖർ സൗരഭ് പറഞ്ഞു. എന്ത് സംഭവിച്ചാലും, നിങ്ങളുടെ പ്രിയപ്പെട്ടവർ ജീവിതത്തിൻറെ എല്ലാ ഘട്ടങ്ങളിലും നിങ്ങൾക്കൊപ്പമുണ്ടെന്ന് അറിയുന്നതിലൂടെ ലഭിക്കുന്ന ഉറപ്പ് ഈ കാമ്പയിൻ ഫലപ്രദമായി എടുത്തുകാണിക്കുന്നുണ്ട്. ഈ ആശയം വ്യക്തമാക്കാൻ ഒരു അച്ഛനും മകനും തമ്മിലുള്ള ആത്മബന്ധമാണ് ഈ കാമ്പയിൻ ഉപയോഗിച്ചിരിക്കുന്നത്. ഈ കാമ്പയിനിലൂടെ ഞങ്ങളുടെ ഉപഭോക്താക്കൾ അവരുടെ ജീവിതത്തിൻറെ എല്ലാ ഘട്ടങ്ങളിലും നിശബ്ദമായും നിരുപാധികമായും അവരുടെ കുടുംബത്തെ എങ്ങനെ പരിപാലിക്കുന്നു എന്നതിനെക്കുറിച്ച് പറയാനാണ് തങ്ങൾ ആഗ്രഹിക്കുന്നത്. ടാറ്റ എഐജി ആരോഗ്യ ഇൻഷുറൻസ്, കുടുംബം പോലെ തന്നെ, ജീവിതത്തിലെ അനിശ്ചിതത്വങ്ങളിൽ അചഞ്ചലമായ പ്രതിബദ്ധതയും പിന്തുണയും നൽകുന്നതാണെന്നും അദ്ദേഹം പറഞ്ഞു.ടെലിവിഷൻ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ, ഇൻറർനെറ്റ്, ഒടിടി, ഔട്ട്ഡോർ എന്നിവയുൾപ്പെടെയുള്ള വിവിധ മാധ്യമ ചാനലുകളിലൂടെ രാജ്യമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് ഈ കാമ്പയിൻ എത്തിക്കും. ആറ് പ്രാദേശിക ഭാഷകളിൽ അവതരിപ്പിക്കും.

